

പുസ്തകം ൧൨). ൧൯൨൫ ഡിസംബർ. (ലക്കം ൧൨.

പിറവിത്തിരുനാൾ (ക്രിസ്തുരാത്രി)

"നിങ്ങൾക്ക് രക്ഷിതാവ് പിറന്നിരിക്കയാൽ ലോകമൊക്കെക്കും ഉണ്ടാകുവാനിരിക്കുന്ന വലിയ സന്തോഷത്തെ ഞാൻ നിങ്ങളോട് അറിയിക്കുന്നു." ലൂക്കാ. ൨. ൧൦.

പൂർവ്വ നിയമത്തിൽ വിശുദ്ധ മഹാപിതാക്കന്മാരാൽ ഇതു ആശയോടെ പ്രതീക്ഷിക്കപ്പെട്ടതും പരിശുദ്ധാത്മാവാൽ പ്രകാശിപ്പിക്കപ്പെട്ട ദിവ്യദർശികളാൽ ഇതു പ്രാവശ്യം മുന്നറിയിക്കപ്പെട്ടവനും, നീതിമാന്മാരും ദൈവഭക്തന്മാരുമായ എല്ലാവരാലും ഇതു തീവ്രമായി ആശിക്കപ്പെട്ടവനും ആയ മ്ശിഹാ ഇതാ ഇന്നു ബെസ്ലഹം ഗ്രഹയിൽ ജാതനായ വൃത്താന്തത്തെ ഞാൻ നിങ്ങളോട് അറിയിപ്പാൻ പോകുന്നു. "ഓ! സുവിശേഷ ദിവസമേ!" ര്. രാജ. ൨. ൯.

൧. ഒരിക്കൽ സുറിയായുടെ രാജാവായ ബെനദാദൻ സമറായ നഗരത്തെ വളയുകയും ഭീമമായ നിരോധത്താൽ അതിനെ വലിയ കഷ്ടാവസ്ഥയിൽ ആക്കുകയും ചെയ്തു. എന്നാൽ വിശേഷ ദൈവാനുഗ്രഹത്താൽ അയക്കപ്പെട്ട ഭയങ്കരങ്ങളായ കാഴ്ചകളെക്കണ്ട് സുറിയാക്കാർ ഭയഭീതന്മാരായിതങ്ങൾക്കുള്ളവയെല്ലാം ഉപേക്ഷിച്ചു രാത്രി പാളയം വിട്ട് ഓടിപ്പോയി. പട്ടണത്തിന്റെ വാതിൽക്കൽ കിടന്നിരുന്ന നാലു കുഷ്ഠരോഗികൾ ഈ സംഭവം അറിയാതെ ക്ഷാമത്തിന്റെ ശക്തിയാൽ രണ്ടും കല്പിച്ചുകൊണ്ടു ശത്രുക്കളുടെ പാളയത്തിലേക്കു നടന്നു. എന്നാൽ അവർ പാളയത്തിൽ ശത്രുക്കളാരേയും കണ്ടില്ല. അതുകൊണ്ട് അവർ അവിടെ കണ്ടുമുട്ടിയ വിലയേറിയ വസ്തുക്കളേയും അന്നവസ്ത്രാദികളെയും എടുത്തു സന്തോഷവിഹ്വലന്മാരായി പട്ടണത്തിൽ പിന്തിരിഞ്ഞുകൊണ്ട് ഇന്നു സുവിശേഷത്തിന്റെ ദിവസമാകുന്നു എന്നു നിലവിളിച്ചുപറഞ്ഞു. ഇതുകേട്ട് നഗരവാസികൾ പാളയത്തിൽ പോയി ശത്രുക്കളാൽ പരിത്യജിക്കപ്പെട്ട പൊന്നും വെള്ളിയും ക്രൂടാതെ ഗോതമ്പും അപ്പവും ശേഖരിച്ചു കൈവശപ്പെടുത്തുകയും ചെയ്തു. ഓ! വാസ്തവത്തിൽ ഇതു് സുവിശേഷത്തിന്റെ ദിവസംതന്നെ.

പഴയ നിയമ കാലത്തിൽ അന്ധകാരങ്ങളുടെ പ്രഭവായ പിശാചു് തന്റെ സൈന്യത്തോടുകൂടെ ലോകമൊക്കയേയും നിരോധിച്ചു. അപ്പോൾ ഏതാനും കുലുകൾ മാത്രമേ നീതിമാന്മാരായുണ്ടായിരുന്നുള്ളൂ. സങ്കീർത്തനക്കാരൻ പറയുംവണ്ണം 'അവർ വഷളന്മാരായി അകൃത്യങ്ങളാൽ നിന്ദ്യന്മാരായി തീർന്നു. സുകൃതം പ്രവൃത്തിക്കുന്നവർ ഇല്ലായിരുന്നു.' ഒരു ലോകത്തിലെല്ലായിടത്തും ആത്മികമായ ക്ഷാമമുണ്ടായിരുന്നു? എന്തെന്നാൽ അപ്പമില്ലായിരുന്നു. അതായതു് സത്യത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമായ മ്ശിഹാ ഇല്ലായിരുന്നു. എന്നാൽ ഓ! സുവിശേഷത്തിന്റെ ദിവസമേ! ഇന്നു് ലോകരക്ഷകനായ മ്ശിഹായുടെ ആഗമനവും പിറവിയും മൂലം അന്ധകാരങ്ങളു

ടെ പ്രേ, അവന്റെ സൈന്യങ്ങളോടുകൂടെ ഓടിക്കപ്പെട്ടു. ഇന്നു ബേത്ലഹമിലെ ധാന്യപുര അതായത് അപ്പത്തിന്റെ ഭവനം തുറക്കപ്പെട്ടു. ഇന്ന് സ്വർഗ്ഗത്തിൽനിന്നിറങ്ങിയ അപ്പമായ മ്ശിഹാ മൂലം അത്ഭുതകരമായ പ്രകാരത്തിൽ ഭൂമി മുഴുവൻ സംപൂർണ്ണമാക്കപ്പെട്ടു. ഓ! സുവിശേഷത്തിന്റെ ദിവസമേ! മുഖ്യ ദൈവദൂതൻ അജപാലവൃന്ദത്തോടു പറയുന്നതിനെ കേൾപ്പിൻ. "ദാവീദിന്റെ നഗരത്തിൽ മ്ശിഹാകർത്താവായ രക്ഷിതാവു നിങ്ങൾക്കു പിറന്നിരിക്കയിൽ ലോകമൊക്കെക്കും ഉണ്ടാകുവാനിരിക്കുന്ന വലിയ സന്തോഷത്തെ ഞാൻ നിങ്ങളോടു അറിയിക്കുന്നു. ഇതു നിങ്ങൾക്കു അടയാളമായിരിക്കട്ടെ: തുണികളാൽ ചുറ്റപ്പെട്ടതായും പുൽക്കൂട്ടിൽ കിടത്തപ്പെട്ടതായും ഉണ്ണിയെ നിങ്ങൾ കാണും." ൨. പഴയതും പുതിയതുമായ വേദാഗമങ്ങൾ ആശ്ചര്യകരമാംവണ്ണം അന്യോന്യം യോജിക്കുന്നു. ആദ്യത്തേതു സാദൃശ്യത്തേയും രണ്ടാമത്തേതു സദൃശീകൃതത്തേയും കാണിക്കുന്നു. ആദ്യ മനുഷ്യനായ ആദാമിനെ ദൈവം വെള്ളത്താലൊ ബീജത്താലൊ ഫലപ്രദമല്ലാത്തഭൂമിയിൽനിന്നുജനിപ്പിച്ചു. ഇന്നരണ്ടാമാളായ മ്ശിഹാ കന്യകാഭൂമിയിൽനിന്നു ആദ്യംആദം വരുത്തിയ ദോഷം പരിഹരിപ്പാനായി ജാതനായി. പൂർവ്വത്തിൽ മനുഷ്യജാതി ജലപ്രളയത്തിൽനിന്നു രക്ഷിക്കപ്പെട്ടവാനായി പെട്ടകം പണിയിക്കപ്പെട്ടു. ഇന്നു മനുഷ്യജാതി പാപജലപ്രളയത്തിൽനിന്നു സംരക്ഷിക്കപ്പെട്ടവാനായി വചനം മാംസം ധരിച്ചു. പൂർവ്വത്തിൽ ആകാശത്തിൽനിന്നു ഇസ്രായേൽമക്കളുടെ ഭക്ഷണത്തിനായി മന്നാ എന്ന മാലാകാമാരുടെ അപ്പം വർഷിച്ചു. ഇന്നത്തെ രാത്രിയിൽ കന്യകാഭൂമിഫലം കൊടുത്തു, സ്വർഗ്ഗവാതിൽ തുറക്കപ്പെട്ടു, മാനുഷന്റെ ഹൃദയത്തെ ശക്തിപ്പെടുത്തുന്ന ജീവനുള്ള അപ്പമായ മന്നാ ഭൂമിയിൽ അവതരിച്ചു. രാജാക്കന്മാരുടെ പ്രവേശനത്തിനായി മാത്രം തുറക്കപ്പെടുന്ന ഓർശ്ലേം ദേവാലയത്തിന്റെ കിഴക്കെ വാതിലിനു തുല്യമായ മറിയം വഴിയായി ഇന്ന് ദൈവവചനം മാംസം ധരിച്ചു ലോകത്തിൽ പ്രവേശിച്ചു.

൩. അബ്രാഹമിനോടു ഒരിക്കൽ, 'നിന്റെ സന്തതിയിൽ ഭൂമിയുടെ സർവ്വ ജാതികളും അനുഗ്രഹിക്കപ്പെടും' എന്നു അയാളുടെ വംശത്തിൽ ജനിപ്പാനിരുന്ന മ്ശിഹായെ സൂചിപ്പിച്ചു പറയപ്പെട്ടു. എന്നാൽ ഇതു ഇന്നു നിവർത്തിയായിരിക്കുന്നു. "നിങ്ങളുടെ പിതാവായ അബ്രാഹം എന്റെ ദിവസത്തെ കാണ്മാൻ ഏറ്റം ആഗ്രഹിച്ചു. അവൻ ഇതുകണ്ടു സന്തോഷിക്കയും ചെയ്തു" എന്നു സുവിശേഷം സാക്ഷിക്കുന്നു. എന്നാൽ അതു അബ്രാഹം മ്ശിഹായെ ആത്മാവിൽ കണ്ടു സന്തോഷിച്ചു എന്നാകുന്നു. എങ്കിലും രണ്ടായിരം സംവത്സരങ്ങളുടെ ശേഷം ഇന്നു അയാൾ മാലാഖയുടെ അറിയിപ്പാൽ മ്ശിഹാ ദീർഘദർശനപ്രകാരം ഈ ദിവസത്തിൽ ലോകത്തിൽ ജഡപ്രകാരം കാണപ്പെട്ട എന്നു അറിഞ്ഞു എത്രയും ആനന്ദിച്ചു. മൂശ തന്റെ അമ്മാവി അപ്പനായ ജേത്രന്റെ ആട്ടുകളെ വനത്തിൽ മേയിച്ചുകൊണ്ടിരിക്കയിൽ കർത്താവു അയാൾക്കു കത്തിക്കൊണ്ടിരുന്നുവെങ്കിലും ദഹിക്കപ്പെടാതിരുന്ന മുൾപ്പടപ്പിൽ പ്രത്യക്ഷനായി. ഇതു ഇന്നത്തെ ദിവസം പരിശുദ്ധ കന്യകമറിയത്തിൽ പൂർത്തിയായി. ഇതിനെ സംബന്ധിച്ചു തിരുസഭ സാക്ഷിക്കുന്നതായതു:- മൂശ അദഗ്ധമായി കണ്ട മുൾപ്പടപ്പിൽ വിശുദ്ധ ദൈവജനനിയേ! നിന്റെ പ്രശംസനീയ കന്യത്വം സംരക്ഷിതമായിരുന്നു എന്നു ഞങ്ങൾ സമ്മതിക്കുന്നു.

൪. മ്ശിഹാ ഇന്നു ദാവീദിന്റെ കിണറിനു സമീപെ പിറന്നു. എന്തെന്നാൽ, അങ്ങുന്നു നിത്യജീവനായി പുറപ്പെട്ടുന്ന ജീവന്റെ ഉറവയാകുന്നു. മ്ശിഹാ ഇന്നു ബേത്ലെഹമിന്റെ വാതിലിനരികെ പിറന്നു; എന്തെന്നാൽ അങ്ങുന്നു, നാം നിത്യജീവനിലേക്കു പ്രവേശിക്കുന്ന ഏക വാതിലാകുന്നു. ഇന്നു മ്ശിഹാ ദാവീദിന്റെ നഗരത്തിലേക്കു നയിക്കുന്ന വഴിക്കു സമീപെ പിറന്നു. കാരണം ഞാൻ വഴിയും സത്യവും ജീവനുമാകുന്നു എന്നു അങ്ങുന്നു അരുളിച്ചെയ്തിരിക്കുന്നു. മ്ശിഹാ ഇന്നു ഒരു അരമനയിലൊ വഴിയമ്പലത്തിലൊ അല്ല, പ്രസി

ടെ വയൽപ്രദേശത്തു പിറന്നു. എന്തെന്നാൽ അങ്ങനെ എല്ലാവക്കും പറിക്കത്തക്ക വയലിന്റെ പുഷ്പമാകുന്നു. കടശിയായി മ്ശിഹാ ഏറ്റവും നിചമായ ഒരു തൊഴുത്തിൽ പിറന്നു. ഇതു ലോകബഹുമാനത്തേയും നമ്മുടെ അഹംകാരത്തേയും നാണിപ്പിപ്പാൻ വേണ്ടിയായിരുന്നു.

൫. സ്വർഗ്ഗത്തിന്റെ രാജാവു ഒരു തൊഴുത്തിൽ രണ്ടു മൃഗങ്ങളുടെ നടുവിൽ പിറന്നിരിക്കുന്നു. എന്നാലും നാം സമ്പത്തും ബഹുമാനവും സന്തോഷവും ആഗ്രഹിക്കുന്നു. ഒരിക്കൽ ഒറിയാ ദാവീദിനോടു പറഞ്ഞതായത്: "ദൈവത്തിന്റെ പെട്ടകവും ഇസ്രായേലും യൂദായും കൂടാരങ്ങളിൽ പാർക്കുന്നു. എന്റെ യജമാനനായ യോവാബും എന്റെ യജമാനന്റെ ഭൃത്യന്മാരും വെളിംഭ്രമിയിൽ വസിക്കുന്നു. അപ്പോൾ ഞാൻ എങ്ങനെ എന്റെ ഭവനത്തിൽ പ്രവേശിച്ചു ഭക്ഷിക്കയും പാനം ചെയ്കയും എന്റെ കുടുംബസമേതം ശയനം ചെയ്കയും ചെയ്യും? നിന്റെ ജീവനാണ്, എന്റെ ആത്മാവാണ് ഞാൻ ഈ കാര്യം പ്രവൃത്തിക്കയില്ല." ഇപ്രകാരം എല്ലാ ക്രിസ്ത്യാനികളും പറഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു. മാനുഷാവതാരംചെയ്ത ദൈവപുത്രനും തന്റെ പരിശുദ്ധ മാതാവും വിശുദ്ധ യൌസേപ്പും തൊഴുത്തിൽ പാർക്കയിൽ, ഞാൻ എങ്ങനെ സുഖഭോഗം അന്വേഷിക്കും? ഈ കാര്യം ഞാൻ ഒരുനാളും ചെയ്കയില്ല. ഒരിക്കൽ ശാവോൽ രാജാവു ഒരു വലിയ വിരുന്നു തയാറാക്കി. ഇതിനു ദാവീദിനേയും ക്ഷണിച്ചു. എന്നാറെ, ദാവീദു വിരുന്നിനു വരാതെ തന്റെ ജന്മഭ്രമിയായ ബേത്ലെഹമ്മിൽ തന്റെ രക്ഷിതാവായ കർത്താവിനു തന്റെ സഹോദരന്മാരോടുകൂടെ ആഘോഷമായ ബലി സമർപ്പിക്കുന്നതിനായി പോയി. ശാവോൽ ഏറ്റം കുപിതനായി യോനാഥനോടു ഇതിന്റെ കാരണം ചോദിച്ചു വസ്തുത ഗ്രഹിച്ചു.

പ്രിയവിശ്വാസികളേ! നിങ്ങളും ഇപ്രകാരം പ്രവൃത്തിപ്പിൻ. ഈ ദിവസങ്ങളിൽ ലോകം നിങ്ങളെ സദ്യകൾക്കും വിരുന്നിനും ഉല്ലാസങ്ങൾക്കും കളികൾക്കും ക്ഷണിക്കുമെങ്കിൽ നിങ്ങൾ ദാവീദിനോടുകൂടെ ഇപ്രകാരം പറയുവിൻ. എനിക്കു അനുവാദം തരേണം. എന്തെന്നാൽ ബേത്ലെഹമ്മിൽ എനിക്കു ആഘോഷമായ ബലി സമർപ്പിക്കാനുണ്ട്. അവിടെ മാംസമായ വചനത്തെ അജപാലന്മാരോടുകൂടെ എനിക്കു കാണ്മാൻ പോകേണം. ലൌകികങ്ങളെല്ലാം നിന്റെ ഹൃദയത്തിൽനിന്നു തള്ളി, തൊഴുത്തിനു പകരമായി ശുദ്ധമുള്ളതും ഭക്തിയുള്ളതുമായി നിന്റെ ഹൃദയത്തെ ഉണ്ണിയായ ഈശോയ്ക്കു സമർപ്പിക്ക. കർത്താവേ! നിന്നെ സ്നേഹിക്കുന്നതിനു എന്റെ ഹൃദയം വിസ്തൃതമായിരിക്കുന്നു എന്നു ശ്ലീഹായോടുകൂടെ പറയുക. (ഫ ക്രോ. ന്യ ഫ.)

Y5g2 .2 ൭൮

സുവിശേഷവിവരണം.

---

൧. എന്നാൽ ആ നാളുകളിൽ സംഭവിച്ചതു് എന്തെന്നാൽ: ലോകം മുഴുവനും പേരുവഴി ചാർത്തണമെന്നു ഔഗുസ്തൂസ് കേസറിൽനിന്നു ഒരു കല്പന പുറപ്പെട്ടു.

൨. ഒന്നാമത്തേതായ ഈ ചാർത്തൽ സിറ്റ്യായുടെ അധിപതിയായ ചിരീനൂസിനാൽ നടത്തപ്പെട്ടു.

൩. ആകയാൽ എല്ലാവരും പേർ വഴി പതിപ്പിക്കേണ്ടതിന്നു്, ഓരോരുത്തൻ സ്വന്തനഗരത്തിലേക്കു പോയിരുന്നു.

൪, ൫. അപ്പോൾ യൌസേപ്പും ദാവീദിന്റെ കുടുംബത്തിലും വംശത്തിലും ഉള്ളവനായിരുന്നതുകൊണ്ടു, തന്നോടു വിവാഹം കഴിച്ചിരുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടുകൂടെ പേർവഴി പതിപ്പിക്കേണ്ടതിന്നു, ഗ്ലീലായിലെ നസ്രേത്തു നഗരത്തിൽ നിന്നു യൂദെയായിൽ ബേത്ലഹം എന്നു വിളിക്കപ്പെടുന്ന ദാവീദിൻ നഗരത്തിലേക്കു പുറപ്പെട്ടു പോയി.

൬. പിന്നെ സംഭവിച്ചതു് എന്തെന്നാൽ: അവർ അവിടെ ആയിരിക്കയിൽ, അവൾക്കു പ്രസവത്തിനുള്ള നാളുകൾ തികഞ്ഞു.

൭. അവൾ തന്റെ കടിഞ്ഞൂൽപുത്രൻ

നെ പ്രസവിക്കയും, ശീലകളാൽ അങ്ങേ ചുറ്റി മൃഗത്തൊട്ടിയിൽ അങ്ങേ കിടത്തുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ വഴിയമ്പലത്തിൽ അവർക്ക് സ്ഥലം ഉണ്ടായിരുന്നില്ല.

൮. എന്നാൽ ആ ദേശത്തിൽ ഉറക്കമിളെച്ചു തങ്ങളുടെ ആട്ടിൻകൂട്ടത്തിന്മേൽ രാത്രിയാമം കാത്തുകൊണ്ടിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു.

൯. അപ്പോൾ ഇതാ കർത്താവിന്റെ ദൂതൻ അവരുടെ അരികിൽ വന്നുനിന്നു; ഒരു ദൈവികപ്രകാശവും അവരെ ചുഴന്നു; അതിനാൽ അവർ വളരെ ഭയപ്പെട്ടുകയും ചെയ്തു.

൧൦. അപ്പോൾ ദൈവദൂതൻ അവരോട് പറഞ്ഞതായത്: നിങ്ങൾ ഭയപ്പെടേണ്ടാ, എന്തുകൊണ്ടെന്നാൽ ഇതാ സകല ജനത്തിന്നും ഉണ്ടാകുവാനിരിക്കുന്ന മഹാ സന്തോഷസുവിശേഷം നിങ്ങളോട് ഞാൻ അറിയിക്കുന്നു.

൧൧. എന്തെന്നാൽ: ഇന്നു ദാവീദിൻ നഗരത്തിൽ ലോകരക്ഷിതാവായ മ്ശീഹാ നിങ്ങൾക്കു പിറന്നിരിക്കുന്നു.

൧൨. ശീലകളാൽ ചുറ്റപ്പെട്ടും മൃഗത്തൊട്ടിയിൽ കിടത്തപ്പെട്ടുമിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കണ്ടെത്തും; ഇതുതന്നെ നിങ്ങൾക്കു അടയാളം.

൧൩. അപ്പോൾ ക്ഷണത്തിൽ സ്വർഗീയസൈന്യഗണം ആ ദൈവദൂതനോടുകൂടെ ചേർന്നു ദൈവത്തെ സ്തുതിച്ചു ചൊല്ലിയിരുന്നതായത്:

൧൪. അത്യുന്നതങ്ങളിൽ ദൈവത്തിന്നു സ്തുതിയും, ഭൂമിയിൽ നന്മനസ്സുള്ള മനുഷ്യർക്കു സമാധാനവും (ഉണ്ടായിരിക്കട്ടെ.)

ലൂക്കാ, ൨. അ. വ. ൧–൧൪.

വിവരണം.

൧. പരിശുദ്ധ മറിയവും യൌസേപ്പും നസ്രസിൽ നിന്നു യൂദയാ ദേശത്തിലേക്കു യാത്ര കഴിക്കുന്നു. ഈ യാത്രയിൽഗർഭിണിയായിരുന്ന ദിവ്യകന്യകയും വിശുദ്ധ യൌസേപ്പും എത്രമാത്രം കഷ്ടപ്പെട്ടു. ബേത്ലെഹം പട്ടണത്തിൽ എത്തിയ ശേഷം അന്നു രാത്രി തല ചായിക്കുന്നതിന്നു കുറെ സ്ഥലം കൊടുക്കുന്നതിന്നു പല വീടുകളിലും പോയി യാചിച്ചെങ്കിലും ഇവരുടെ ദാരിദ്ര്യാവസ്ഥയും മറ്റും കണ്ടു ആരും ഇവർക്ക് സ്ഥലം കൊടുത്തില്ല. വഴിയമ്പലത്തിൽ പോലും ഇവർക്കു സ്ഥലം കിട്ടിയില്ല. ഈ അവസരത്തിൽ അവർ എത്രയൊ ദുഃഖം അനുഭവിച്ചു. എങ്കിലും എത്രയൊ ക്ഷമയോടെ ദൈവതിരുമനസ്സിനു സസന്തോഷം തങ്ങളെക്കയ്യേൽപ്പിച്ചു. അവുഗുസ്തൂസ് കേസർതന്റെ കീഴിലുള്ളവരെല്ലാം അവരവരുടെ വംശസ്ഥാന നഗരിയിൽ പോയി പേരെഴുതിക്കണം എന്നു കല്പിച്ചതും ഈ കല്പനപ്രകാരം വിശുദ്ധ യൌസേപ്പും ദൈവജനനിയും ദാവീദിന്റെ നഗരിയിലേക്കു പോയതും അവിടെ വിട്ടതിസ്ഥലം അവർക്കു കിട്ടാതെ ആയതും ദൈവവിചാരണയാൽ സംഭവിച്ചതാണ്. ഈശോമ്ശിഹാ ബേത്ലെഹമ്മിൽ പിറക്കുമെന്നു പ്രവചിച്ചിട്ടുണ്ടായിരുന്ന വിശുദ്ധ മിക്കയാസിന്റെ ദിവ്യദർശനം വിസ്മയിക്കത്തക്ക വിധത്തിൽ ഇങ്ങനെ നിറവേറി. ദൈവവിചാരണ എത്രയൊ സ്തുതിക്കത്തക്കതായിരിക്കുന്നു. വി. യൌസേപ്പും മറിയവും ബേത്ലെഹമ്മിനു സമീപെയുള്ള ഒരു ഗുഹയിലേക്കു പോയി. അവിടെ അർദ്ധരാത്രി സമയത്താണു ദൈവപുത്രൻജാതനായതു.

൨. പുൽക്കൂട്ടിൽ പിറന്നു വൈക്കോലിന്മേൽ കിടത്തപ്പെട്ടു കരുളാൽ വിറയ്ക്കുന്ന ദിവ്യരക്ഷകനെ നോക്കി സൂക്ഷിക്കുക. അങ്ങേ എളിമ ഇവിടെ എത്രയൊ പ്രകാശിക്കുന്നു. താൻ രാജകുടുംബക്കാരനും ദാവീദിന്റെ രക്തസംബന്ധിയുംആയിരിക്കുന്നു. എങ്കിലും ഒരു പാവപ്പെട്ടആശാരിയുടെ പുത്രനായി പിറപ്പാൻ മനസ്സാകുന്നു. അത്രയുമല്ല, ദരിദ്രക്കുടെയും സംഭവിക്കാത്തവിധത്തിൽ ഒരു തൊഴുത്തിലും പുൽക്കൂട്ടിലും നീചമൃഗങ്ങളുടെ മദ്ധ്യേയും പിറക്കുന്നു. അങ്ങേ ദൈവസ്വഭാവത്തെ മനുഷ്യസ്വഭാവംകൊണ്ടു മറയ്ക്കുക മാത്രമല്ല, മനുഷ്യസ്വഭാവത്തേത്തന്നെ ഒരു ശിശുവിന്റെ ബലക്ഷയത്തിനും ക്ഷീണത്തിനും ആധാരമാക്കുന്നു. അഹോ! എത്രയൊ വലിയ എളിമ. മാലാഖാമാരും ആദ്യമാനുഷനും ദൈവത്തെപ്പോലെ ആകുന്നതിനു മോഹിച്ചു. ഈ

വപുത്രൻ അടിയാന്റെ വേഷം എടുത്തു മനുഷ്യനെപ്പോലെ ആയിക്കൊണ്ടു മനുഷ്യരായ നാം അവതരിച്ച ദൈവത്തെപ്പോലെ ആകുന്നതിനു നമ്മോടു ആജ്ഞാപിക്കുന്നു. ദിവ്യ ബാലന്റെ ദാരിദ്ര്യം നോക്കുക. ഒരു തൊഴുത്തിൽ പുൽക്കൂട്ടിൽ പിറക്കുന്നു. അങ്ങേ തൊട്ടി വൈക്കോലായിരിക്കുന്നു. നരികൾക്കും പക്ഷികൾക്കും കൂടുണ്ട്. എന്നാൽ മനുഷ്യൻ പുത്രനു തല ചായിക്കുന്നതിനുപോലുംസ്ഥലമില്ല. (ലൂക്കാ ൯. ൫൮) എന്നുള്ളതു ഇപ്പോൾ മതിയല്ലോ തന്നെക്കുറിച്ചു വാസുവത്തിൽ പറയാവുന്നതാണ്. ഹാ! എത്രയൊ വലിയ ദാരിദ്ര്യം. ദിവ്യ രക്ഷകന്റെ ഈ ദാരിദ്ര്യം കണ്ടിട്ട് ദുർവൃത്തിന്മേൽ ഇനിയും നാം പക്ഷംവെക്കുമൊ?

൨. ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും മനുഷ്യർക്കു സമാധാനവും എന്നു ദൈവദൂതന്മാർ പാടുന്നു. മ്ശിഹായുടെ പിറവി വഴിയായി മനുഷ്യർക്കു സമാധാനവും ഭാഗ്യവും സകല നന്മകളും ഉണ്ടായിരിക്കുന്നു. ഈ സമാധാനം നമുക്കു ലഭ്യമാകുന്നതിനു നമ്മുടെ ശ്രമവും അവശ്യമായിരിക്കുന്നു. മ്ശിഹായുടെ എളിമ, ദാരിദ്ര്യം, കീഴ്വഴക്കം, തപസ്സ് ആദിയായ പുണ്യങ്ങളെ നാം അനുകരിക്കുകയും ഇങ്ങനെ പഴയ മനുഷ്യനെ നമ്മിൽനിന്നു ഉരിഞ്ഞുകളഞ്ഞു ഈശോയെ നാം ധരിക്കയും ചെയ്യേണം. ക്രൂശെക്കുടെയുള്ള കുർബാന കൈക്കൊള്ളുന്നതു വഴിയായി അങ്ങേ നമ്മുടെ ഹൃദയത്തിൽ നാം പിറപ്പിക്കണം. അപ്പോൾ ഇഹലോകത്തിൽ നമുക്കു സാക്ഷാൽ സമാധാനം ഉണ്ടാകും. സ്വർഗ്ഗത്തിൽ നിത്യ സമാധാനവും സുഖാനന്ദവും നാം പ്രാപിക്കും.

൨൫൫ . ൨ . ൫

ഡോംബൊസ്കായുടെ ജീവചരിത്രം.

(തുടർച്ച)

കഷ്ടം! ഈ പാവപ്പെട്ട വൈദികനെയും അദ്ദേഹത്തിന്റെ ഈ സാധുക്കുട്ടികളെയും ഈ വെറും വയലിൽക്കൂടി താമസിക്കുന്നതിനു അനുവദിച്ചില്ലെന്നു പറഞ്ഞാൽ ഈ സാധുജനത്തിനുണ്ടായ മനോവ്യഥ എത്ര ശക്തിയുള്ളതെന്നു മാന്യ വായനക്കാരേ! നിങ്ങൾ തന്നെ ഊഹിച്ചുകൊൾവിൻ. ഇതുപോലധികം കുട്ടികൾ ചവിട്ടി നടക്കുന്നതു് ആ വയലിൽ മുളച്ചിരുന്ന പുല്ലുകൾക്കു ഉപദ്രവമാണെന്നുള്ള അപവാദമായിരുന്ന അവിടം വിട്ടു പോകുന്നതിനുണ്ടായ കാരണം. ഇങ്ങനെയെല്ലാം കൊണ്ടും കഷ്ടപ്പെട്ടിരുന്ന കാലത്താണ് തന്റെ ഉപജീവനത്തിന്റെ ഏക മാർഗ്ഗമായിരുന്ന ഒരു ജോലിയും തനിക്കു നഷ്ടമായതു്.

സംഗതികളെല്ലാം ഇപ്രകാരം സംഭവിച്ചതുകൊണ്ട് തന്റെ ഈ ഉദ്യമത്തിനു ദൈവാശീർവ്വാദമുണ്ടായെന്നു സ്വന്തസ്നേഹിതന്മാരിൽ പലരും മുൻപറഞ്ഞ അബോബോറൽ എന്ന ദേഹവും ക്രൂടി സംശയിച്ചു പറഞ്ഞിരുന്നു. എങ്കിലും ഡോംബോസ്കോ ഒന്നുകൊണ്ടും ഇളകാതെ താൻ ആരംഭിച്ച വഴിയിൽ തന്നെ മുമ്പോട്ടുപോയി. വേറെ ചിലർ ഈ കുട്ടികളിൽ പ്രായം ചെന്ന ഒരു ഭാഗത്തെ വിട്ടുകളയുന്നതിനു ഇദ്ദേഹത്തോടു ഉപദേശിച്ചു. എങ്കിലും ഇദ്ദേഹം "ദൈവഹിതമാണ് ഇവരെ എന്റെ അടുക്കൽ അയച്ചിരിക്കുന്നതു്. അവിടുന്നു തന്നെ ഇവരുടെ ക്ഷേമാക്ഷേമങ്ങളെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു; ആകയാൽ ഇവരിൽ ഒരുത്തനേയും ഞാൻ വിടുകയില്ല, ഇവർക്കു വേണ്ടി ഒരു വീട്ടുക്രൂലിക്കുപോലും കിട്ടുന്നതിനില്ലല്ലൊ. എങ്കിലും ഞാൻ ഒന്നു പണിയും. അതോടുചേർന്നു പള്ളിയും വിശേഷതോട്ടങ്ങളും സ്ക്രൂളുകളും മറ്റും ഉണ്ടാകും" എന്നിങ്ങനെ ഗൌരവമായി സംസാരിച്ചിരുന്നു. ഇതെല്ലാം അസംബന്ധമായി തോന്നിയിരുന്നതിനാൽ, സ്വന്ത സ്നേഹിതരിൽ പലരും ഇദ്ദേഹത്തിനു ഭ്രാന്തിഭ്രമം നേരിട്ടെന്നു തീർച്ചയാക്കി. തന്നിമിത്തം ഇദ്ദേഹം വഴിയായി ശേഷം വൈദികർക്കും നേരിട്ടേക്കാമെന്നു ഭയപ്പെട്ട അവമാനത്തെ തടുപ്പാനായി ഈ വന്ദ്യ വൈദികനെ ഒരു ഭ്രാന്തന്മാരുടെ ആസ്പത്രിയിൽ ഏല്പിക്കുന്നതിനു അവർ തീർച്ചയാക്കി. തൽസാദ്ധ്യത്തിനായി ഒരു ആസ്പത്രിയി

ലെ പ്രധാന ഡോക്ടരുമായി ആലോചിച്ചു. ഈ നിശ്ചയത്തെ പ്രവൃത്തിയിലാക്കുന്നതിനു തുനിഞ്ഞു പുറപ്പെട്ട രണ്ടു പട്ടക്കാരുടെ കഥയാണു ബഹുരസം. ഇവർ ഡോംബോസ്സ്കോയെ നിഷ്പ്രയാസേന കൊണ്ടുപോകാമെന്നു കരുതീട്ടാണു പുറപ്പെട്ടതു്. ഒരു ദിവസം മുൻപറഞ്ഞ രണ്ടു പേരും ഡോംബോസ്കോ താമസിച്ചിരുന്നിടത്തു ഒരു വണ്ടിയിൽ വന്നിറങ്ങി. ഇവർ അദ്ദേഹവുമായി കുറെനേരം സംഭാഷിച്ച ശേഷം തങ്ങളോടുകൂടെ ഉലാത്തുവാൻ പോരുവാൻ അദ്ദേഹത്തോടു അവർ ആവശ്യപ്പെട്ടു. തുടക്കത്തിൽ അദ്ദേഹം വിസമ്മതിച്ചെങ്കിലും മുട്ടിപ്പായ അപേക്ഷയാൽ ഒടുവിൽ സമ്മതിച്ചു. അപ്പോൾ അദ്ദേഹത്തോടു വണ്ടിയിൽ കയറുവാൻ പറഞ്ഞു. അപ്രകാരം ചെയ്യുന്നതിനു ഈ വന്ദ്യഗുരു സമ്മതിക്കാഞ്ഞതിനാൽ, അവർതന്നെ ആദ്യമായി കയറി. പിന്നെ ഡോംബോസ്കോ വണ്ടിയിൽ കയറുന്നതിനു പകരമായി വണ്ടിയുടെ വാതിൽ അടച്ചു വണ്ടിക്കാരനോടു വണ്ടി ഓടിപ്പാൻ കല്പിച്ചു. വണ്ടി ഓടിക്കുവാൻ തുടങ്ങിയാൽ ആസ്പത്രിയിൽ വന്നില്ലാതെ നിറുത്തരുതെന്നു വണ്ടിക്കാരനുമായി ഇവർ കാലേക്കൂട്ടി ഏർപ്പാടു ചെയ്തിരുന്നു. തന്നിമിത്തം വണ്ടിക്കകത്തിരുന്ന ഈ രണ്ടു വൈദികർ എത്രതന്നെ പറഞ്ഞാലും, വണ്ടിക്കാരൻ ഒട്ടും ക്രൂരാതെ കുതിരയെ പായിച്ചിരുന്നു. ഒടുവിൽ ഇവർ ആസ്പത്രിയിൽ എത്തി, ഡോക്ടർ രോഗിയെ കൈക്കൊള്ളുന്നതിനു ഒരുങ്ങി നിന്നിരുന്നു. കാര്യങ്ങൾ വിചാരിച്ച വണ്ണം സംഭവിക്കാഞ്ഞതിനാൽ, നമ്മുടെ ഈ രണ്ടു പട്ടക്കാരും കോപാക്രാന്തന്മാരായി സംസാരിച്ചിരുന്നു. ഇതു കണ്ടു് ഡോക്ടർ ഇവർതന്നെയാണു ദീനക്കാരെന്നു തീർച്ചയാക്കി. ഹേ! സമാധാനമായിരിപ്പിൻ. ഞാൻ ഒരാളെ മാത്രമേ കരുതിയിരുന്നുള്ളൂ. എങ്കിലും വേണ്ടതില്ല രണ്ടുപേക്ഷം വേണ്ടുവോളം സ്ഥലമുണ്ടു്; എന്നു പറഞ്ഞു് അവിടത്തെ ശുശ്രൂഷികളെ വിളിച്ചു്, ഇവരെ ഭ്രാന്തന്മാരെ ചെയ്യുണ്ടന്ന ശുശ്രൂഷകൾ ചെയ്യുന്നതിനു കല്പിച്ചു. അപ്പോൾ അവർ തങ്ങൾ ഭ്രാന്തന്മാരെല്ലെന്നും മറും തട്ടിത്തു പറഞ്ഞിരുന്നു. ഇതുകൊണ്ടൊന്നും ഡോക്ടർ കൂട്ടാക്കാതെ, അവർക്കായി നിശ്ചയിക്കപ്പെട്ടിരുന്ന മുറികളിൽ പോയി താമസിക്കുന്നതിനു അവരെ നിർബന്ധിച്ചു. എന്നാൽ ആസ്പത്രി വിചാരണ ഉടനെ ഇവരെ നല്ലപോലെ അറിഞ്ഞിരുന്നതിനാൽ, ഒന്നു രണ്ടു ദിവസത്തിനു ശേഷം ഇവർ സ്വതന്ത്രരാക്കപ്പെട്ടു. ഈ സാധുക്കൾ അദ്ദേഹത്തിനു പരിചിതരായിരുന്നില്ലെങ്കിൽ അവരുടെ സ്ഥിതി ബഹു കഷ്ടത്തിലായിപ്പോയേനെ. ഇങ്ങനെ ഡോംബോസ്കോയെ അപകീർത്തിപ്പെടുത്തുവാൻ ശ്രമിച്ച ഈ സ്വാഭിമാനികൾക്കുതന്നെ ആ അപകീർത്തി വലിശയോടുകൂടെതിരിച്ചു കിട്ടി. ഡോംബോസ്കോയും സഹകാരികളുമായി വയലിൽ സംഘലംക്രൂന്ന ആ കടശിദിനമായി ഇതുവരെ അവർക്കു അനുവിട്ടതി കിട്ടിയിരുന്നില്ല. സങ്കടക്കണ്ണീരുകളുടെ അടയാളം ഡോംബോസ്കോയുടെ മുഖത്തു കാണാറായി. 'എന്റെ ദൈവമേ! അങ്ങേതിരുമനസ്സു നിറവേറട്ടെ. അങ്ങീ നന്ന ഈ സാധുക്കളായ അനാഥ പൈതങ്ങളെ ഉപേക്ഷിക്കുമൊ? അവർക്കായി ഒരു സ്ഥലം ഞാൻ എവിടെ കണ്ടെത്തുമെന്നു് എന്നെ കാണിക്കുക' എന്നു സാഷ്ടാംഗം വീണു പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥന കഴിഞ്ഞയുടനെ തന്നെ പംക്രാസിയൊ സോവെ എന്നു പേരായ ഒരുത്തൻ ആ വയലിൽക്കൂടെ കടക്കുന്നതിനിടയായി. അയാൾ "ബ. അച്ഛാ! എന്റെ ഒരു സ്നേഹിതനു ഒരു വീട്ടു ക്രൂലിക്കു കൊടുക്കുന്നതിനുണ്ടു്. അതു അങ്ങേക്കാവശ്യമുണ്ടെങ്കിൽ ഒന്നു വന്നു നോക്കിയാലും" എന്നപേക്ഷിച്ചു. അദ്ദേഹം അയാളോടുകൂടെ പോയി ഈ സ്ഥലം കണ്ടു കുട്ടികളുടെ തല ചിലടത്തു മുട്ടുവാൻ തക്കവണ്ണം അത്ര പൊക്കമില്ലാത്തതായിരുന്നു ആ വീടു. എന്നാൽ അതിന്റെ അടിയിൽ നിന്നു മണ്ണുകുഴിച്ചെടുത്തു വളരെ വിശേഷമായ ഒരു തറ കെട്ടിയുണ്ടാക്കുന്നതിനു പംക്രാസി സമ്മതിച്ചു. പിന്നെ ഞായറാഴ്ച അവിടെ വസിപ്പാൻ തക്കവണ്ണം എല്ലാം ഒരുക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്തു് ഡോംബോസ്കോ കുട്ടികളുടെ അടുക്കലേക്കു പിന്തിരിഞ്ഞു. അദ്ദേഹം, ആ കുട്ടികളെ വാൽഡോക്കോ

വസതിയെപ്പറ്റി പറഞ്ഞു കേൾപ്പിച്ചപ്പോൾ, അവർ സന്തോഷപൂരിതരായി, തങ്ങളുടെ പിതാവിനോടുകൂടെ മുട്ടിന്മേൽനിന്നു, പൊൻനിറമായ സൂര്യാസ്തമനരശ്മികളാൽ ചുറ്റപ്പെട്ട്, ദൈവത്തിനും അങ്ങേ പരിശുദ്ധ ജനനിക്കും ഉപകാരസ്മരണയായി പരിശുദ്ധ കന്യകയുടെ ജപമാല ഭക്തിപൂർവ്വം ജപിച്ചു. ഈ നവഭവനത്തിൽ പ്രഥമമായി ദിവ്യപൂജ അണച്ചതു ൧൮൯൯-ൽ നമ്മുടെ കർത്താവിന്റെ ഉയിർപ്പുദിവസമായിരുന്നു. അന്നു ബേസ്സഹമിലെ തൊഴുത്തുപോലെയിരുന്ന ഈ സ്ഥലത്തു് ഇപ്പോൾ വിശേഷമായ വാഡോക്കോ പ്രാർത്ഥനാലയം സ്ഥിതിചെയ്യുന്നു.

ഈ പുതിയ വസതിയിൽ വന്നുചേർന്ന കുട്ടികളുടെ സംഖ്യ, എഴുനൂറിൽപരമായിരുന്നു. അവിടത്തെ ചാപ്പൽ അതിനടുത്തുള്ള സകല സാധുജനങ്ങൾക്കും ഉപയോഗിക്കുന്നതിനു വിരോധമില്ലാത്ത ഒന്നായിരുന്നു. അതു് അപ്പോൾ വളരെ ഹീനസ്ഥിതിയിലായിരുന്നുവെങ്കിലും, പിന്നീടു സാരമായ ചില അഭിവൃദ്ധികൾ അതിനു വരുത്തിയിട്ടുണ്ടു്. ഞായറാഴ്ച ദിവസങ്ങളിൽ ഈ പള്ളിയിൽ നടത്തിയിരുന്ന ഉപദേശങ്ങൾ വളരെ ആകർഷണശക്തിയുള്ളവയായിരുന്നു. അതുനിമിത്തം രാത്രിയായാൽപോലും അവിടെ വന്നിരുന്ന ജനങ്ങൾക്കു മടങ്ങിപ്പോകുന്നതിനു മനസ്സില്ലാതിരുന്നു. "വാത്സല്യ പിതാവേ! വരുന്ന ഞായറാഴ്ചവരെ— ഇനി ഞങ്ങൾ വരുന്നവരെ— എല്ലാം മംഗളമായിരിക്കട്ടെ" എന്നിങ്ങനെ അവർ പറഞ്ഞിരുന്നു. എന്നാൽ ആ കാലത്തിനിടയ്ക്കു ആ നല്ല വൈദികനു രീരെ ക്ഷിണമായി. ഞായറാഴ്ച ഒഴിച്ചു എല്ലാ ദിവസങ്ങളിലും നടത്തപ്പെട്ടിരുന്ന രാത്രിപഠനത്തിനു യുവാക്കൾ കൂട്ടംകൂട്ടമായി വന്നിരുന്നു. ഒടുവിൽ അവരുടെ സംഖ്യ വർദ്ധിച്ചതിനാൽ, അവരെ പഠിപ്പിക്കുന്നതിനു് അദ്ദേഹത്തിനു സാധിക്കാതെ വന്നു. തന്റെ ഈ അവശതയ്ക്കു ഒരു നിവൃത്തിമാർഗ്ഗം അദ്ദേഹം കണ്ടുപിടിച്ചു. ഗുരുനാഥജോലിക്കു തക്കവരെന്നു തോന്നിയിരുന്ന ചില കുട്ടികളെ ഉന്നതവിദ്യാഭ്യാസം ചെയ്യിപ്പിച്ചു്, അദ്ദേഹത്തെ സഹായിക്കുന്നതിനു ഉദ്യോഗിപ്പിച്ചു. തന്റെ ഈ ആലോചന വളരെ ഫലപ്രദമായി അവസാനിച്ചു. എങ്ങനെയെന്നാൽ 'വിദ്യാർത്ഥികൾ' എന്നു് അറിയപ്പെട്ടിരുന്ന മുൻപറഞ്ഞ കുട്ടർ അദ്ദേഹത്തിനു ഒരു ബലമേറിയ സഹായമായിത്തീർന്നെന്നു മാത്രമല്ല, അവരിൽ ചിലർക്കു പുരോഹിതസ്ഥാനത്തിനു വിളിപ്പുണ്ടെന്നു തെളിയുകയും ചെയ്തു.

ചോദ്യമാല

ചോ. ദൈവം നാമേവരേയും ശൂന്യാവസ്ഥയിൽ നിന്നു ഭാവസ്ഥിതിയിലേക്കുകൊണ്ടുവന്ന നമ്മുടെ ആദികാരണനായിരിക്കയാൽ, അങ്ങേ ആരാധിക്കുകയും സ്നേഹിക്കുകയും അങ്ങേക്കു കീഴ്വഴങ്ങുകയും ചെയ്യുന്നതിനു സ്വഭാവന്യായംതന്നെ നമ്മെ കടപ്പെടുത്തുന്നു. ദൈജ്ഞാനവും അതിൽ നിന്നുളവാകുന്ന വേദാചാരത്തിന്റെയും ദൈവാരാധനയുടെയും ആവശ്യകതയും ഔചിത്യവും പ്രകൃത്യാതന്നെ ഇതിനെനമ്മുടെഹൃദയങ്ങളിൽ ആഴമായി പതിച്ചിട്ടുണ്ടു്. എന്നാൽ ഏതുവിധത്തിലാണു വേദാചാരവും ദൈവാരാധനയും അനുഷ്ഠിക്കേണ്ടതെന്നു ചോദിക്കുന്നതായാൽ ആധുനികശാസ്ത്രികൾ, എല്ലാവേദങ്ങളും ഒരുപോലെ ശരിയാണെന്നും നല്ലതാണെന്നും തന്നിമിത്തം ഓരോരുത്തൻ ജനിക്കുന്ന വേദത്തിൽ സുസ്ഥിരം ജീവിച്ചു അതിന്റെ നിബന്ധനകൾക്കനുസരിച്ചു ദൈവത്തിനു ശുശ്രൂഷ ചെയ്താൽ മതിയെന്നും പഠിപ്പിക്കുന്നു. ഈ വേദനിർഭേദശാഠ്യം ജനസാമാന്യത്തിലും വ്യാപിച്ചുവരുന്നു. ഇതിനെപ്പറ്റിയുള്ള ശരിയായ ജ്ഞാനം എന്തു്?

ഉ. പ്രസ്തുത വിഷയത്തെപ്പറ്റി പൂർണ്ണമായ അറിവു നൽകണമെങ്കിൽ ഒരു ചെറിയ ലേഖനമല്ല, വലിയ പ്രബന്ധമതു എഴുതേണ്ടതു്. അതിനാൽ ചില മൂലതത്വങ്ങൾ മാത്രമെ ഇവിടെ വ്യാഖ്യാനിപ്പാൻ കരുതുന്നുള്ളു. മനുഷ്യസ്വഭാവത്തോടു അതിന്റെ നിർമ്മാതാവു തന്നെ അഭേദ്യമായ വിധത്തിൽ സംഘടിപ്പിച്ചിട്ടു

ള്ള ഒരു ബോധമാണ് ദൈവാരാധനയുടേയും വേദനിഷ്ഠയുടേയും കടമ. മനുഷ്യവർഗ്ഗത്തിന്റെ അഭ്യുദയചരിത്രം തന്നെ ഇതിന്റെ വസ്തുതയെ സാക്ഷീകരിച്ചിട്ടുണ്ട്. പ്ലൂട്ടാർക്ക് എന്ന മഹാൻ ഏതൽവിഷയത്തെപ്പറ്റി എഴുതിയിരിക്കുന്നതു ഇപ്രകാരമാണ്. "നീ ദേശാന്തരങ്ങളെ ചുറ്റിസ്സഞ്ചരിക്കുന്നതായാൽ കോട്ടകളാൽ സംരക്ഷിക്കപ്പെടാതെയും ശാസ്ത്രാലയങ്ങളാലും കലാമന്ദിരങ്ങളാലും അലങ്കരിക്കപ്പെടാതെയും, രാജചെങ്കോലിനാൽ ഭരിക്കപ്പെടാതെയും ഉള്ള പട്ടണങ്ങളേയും നഗരികളേയും കണ്ടുമുട്ടിയേക്കാം. എങ്കിലും ദൈവവും ദേവാലയങ്ങളും ഇല്ലാത്ത യാതൊരു ജനതയും നീ കാണുകയില്ല. ,, അടിസ്ഥാനംക്രമാതെ പട്ടണം നിർമ്മിക്കുന്നതായിരിക്കും വേദംക്രമാതെ അതിനെ സ്ഥാപിക്കുന്നതിലും എളുപ്പം എന്നു എനിക്കു തോന്നുന്നു. ഇതിൽനിന്നു പ്രകൃതി ഏതു തെളിവായിട്ടാണു സ്രഷ്ടാവിന്റെ നേർക്കുള്ള കടമയെ നമ്മോടറിയിക്കുന്നതെന്നു വിശദമാകുന്നുണ്ടല്ലൊ. എന്നാൽ നമ്മിൽ നിന്നു ആരാധനയും ശുശ്രൂഷയും ന്യായമായി ആവശ്യപ്പെട്ടുന്ന കർത്താവിനു അതിന്റെ ക്രമത്തേയും വിധത്തേയും ക്ലിപ്തപ്പെടുത്തി അതേപ്രകാരത്തിൽ തന്നിക്കു പരിക്കർമ്മം ചെയ്വാൻ കല്പിക്കുന്നതിനു സ്വാതന്ത്ര്യമില്ലെന്നു ആരാണു വാദിക്കുന്നതു? ഭൃത്യൻ യജമാനനു ശുശ്രൂഷചെയ്യാൽ പോരാ. യജമാനൻ ആഗ്രഹിക്കുന്ന വിധത്തിൽ ദാസ്യവൃത്തി നിറവേറ്റണം. അല്ലാത്തപക്ഷം അവൻ വേല ചെയ്യാലും അതിനു കൂലി കിട്ടുകയില്ലെന്നു മാത്രമല്ല ശിക്ഷയുംകൂടി അനുഭവിക്കേണ്ടതായി വരും. ഇതുതന്നെയാണ് സ്വതന്ത്രകർത്താവായ ദൈവവും അലംഘനീയമായ ന്യായത്തോടുകൂടെ ബുദ്ധിയുള്ള മനുഷ്യനിൽ നിന്നു ആവശ്യപ്പെടുന്നതു്. അവിടത്തേക്കു നാം ചെയ്യേണ്ടതായ ആരാധനവണക്കങ്ങളുടെ ഇന്നവിധത്തിൽ നിറവേറ്റണമെന്നു ക്ലിപ്തപ്പെടുത്തുകയില്ലെങ്കിൽ സ്വഭാവപ്രകാശമനുസരിച്ചു സ്നേഹം, വണക്കം, അനുസരണം മുതലായ അന്തരംഗവൃത്തികളും അതിൽനിന്നുളവാകുന്ന പുജ അർഥിയായ ബാഹ്യപ്രവൃത്തികളുംകൊണ്ടു അങ്ങേക്കുള്ള വേദകടമയെ നിറവേറ്റാം. ഇതു സ്വഭാവവേദമുറയാണ്. എന്നാൽ ഇതിൽ മനുഷ്യസ്വഭാവത്തിനു ചേരാത്തതൊ പ്രതിക്രുലിക്കുന്നതൊ ആയ വല്ലതികളും ഉണ്ടായിരുന്നാൽ അതിനാലെതന്നെ അതു മനുഷ്യസ്വഭാവത്തിന്റെ കർത്താവിനു അനിഷ്ടജനകമായിരിക്കും. ഇത്തരം സ്വഭാവവിരുദ്ധമായ ചടങ്ങുകളെക്കൊണ്ടു തന്നെ അജ്ഞാനവേദമുറകൾ വഴിയായി ദൈവത്തിനു വണക്കം ചെയ്വാൻ അസാദ്ധ്യമാണെന്നു സുലഭമായി ഗ്രഹിക്കാവുന്നതാണ്. മാന്യനായ ഒരു മനുഷ്യന്റെ മുമ്പാകെ ചെയ്വാനും പറയുവാനും ലജ്ജിക്കുന്ന കൃത്യങ്ങൾ പരമകർത്താവായ ദൈവത്തെ ഇഷ്ടപ്പെടുത്തുവാനായി ചെയ്യുന്നതിൽ നിന്നു അവർ സുബുദ്ധിയുടെ പ്രയോഗം എത്രമാത്രം വഷളാക്കിയിട്ടുണ്ടെന്നു തെളിവാണ്. സ്വഭാവവിരുദ്ധമായചടങ്ങുകളില്ലാത്ത സ്വാഭാവികവേദം ലോകത്തിലുണ്ടായിരുന്നാൽതന്നെയും, ദൈവം മറെറാരു വേദമുറയെ നമ്മോടറിയിക്കുന്നതായാൽ അതുവഴിയായിട്ടാണു നാം അങ്ങേക്കു ശുശ്രൂഷണക്കം ചെയ്യേണ്ടതു്. അകയാൽ സ്വാഭാവികവേദം, അതിൽ തന്നെ ശരിയായിരുന്നാലും അനുസരിച്ചുവരുന്നതു ദൈവകോപത്തിനു മാത്രമെ വിഷയീഭവിക്കയുള്ളു. അല്ലുങ്കിൽ ദൈവം അങ്ങേ തിരുമനസ്സുപോലെ പ്രവൃത്തിക്കയും അതിനെ ധിക്കരിക്കയും ചെയ്യുന്ന ദാസന്മാരുടെ നേരെ ഒരുപോലെ സമഭാവനയുള്ള ഒരു മൂഢയജമാനനെന്നു മാത്രമെ വിളിക്കപ്പെടുകയുള്ളു. ഇതിനാൽ ദൈവം അറിയിക്കുന്ന വേദമുറ, ഒരുവേള സ്വഭാവത്തിനു മേല്പെട്ട പഠനങ്ങളും തത്വങ്ങളും അടക്കിക്കൊള്ളുന്ന അതിസ്വാഭാവികവേദമാണെങ്കിലും സ്വാത്മനാ അതിനെ സ്വീകരിച്ചു പ്രവൃത്തിക്കുന്നതിനും ന്യായികളായിരിക്കുന്ന നമുക്കു ഒഴിച്ചുകൂടാത്ത കടമയുണ്ട്. ഇതും പ്രമാണരൂപത്തിൽ ഇരിക്കട്ടെ.

ഇനി ലോകത്തിൽ പ്രചരിച്ചിരിക്കുന്ന വേദമുറകളെ ഒന്നു സൂക്ഷിച്ചു നോക്കാം. ഏതു വേദത്തിലും വിശ്വാസം, അ

ചാരം എന്ന രണ്ടു ഭാഗങ്ങളുണ്ട്. ഒന്നിൽ നാം ദൃഢമായി ഉറച്ചിരിക്കേണ്ട വേദസത്യങ്ങളും മറേതിൽ നാം അതിനനുസരിച്ചു പ്രവൃത്തിക്കേണ്ട ക്രിയകളും അടങ്ങിയിരിക്കുന്നു. ഇവയിലുള്ള വ്യത്യാസമത്രെ വ്യത്യസ്തവേദങ്ങൾക്കു രൂപം നൽകുന്നത്. ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ വിശ്വാസപ്രമാണങ്ങളും വ്യാപാരനിബന്ധനകളും ഉള്ള വേദങ്ങളെല്ലാം ഒരുപോലെ നല്ലതാണെന്നും ശരിയായിട്ടുള്ളതാണെന്നും ദൈവതുക്കണ്ണുകളിൽ സ്വീകാര്യങ്ങളാണെന്നും അവ വഴിയായി ഒന്നുപോലെ ദൈവത്തിനു ശുശ്രൂഷചെയ്യാമെന്നും പറയുന്നവർ ശാസ്ത്രികളായിരുന്നാലും സാധാരണക്കാരായാലും ശരി, ഒന്നുകിൽ ദൈവത്തിന്റെ സ്വഭാവത്തെ ഗ്രഹിക്കുന്നില്ല; അല്ലെങ്കിൽ സുബുദ്ധി കാണിച്ചുകൊടുക്കുന്ന കർത്തവ്യങ്ങളെ നിറവേറുന്നതിനുള്ള അലസതയെ മറയ്ക്കുന്നതിനു ഒരു അബദ്ധന്യായം ഉപയോഗിക്കുന്നു. സത്യം ഒന്നു മാത്രമാണ്; ധർമ്മവും ഒന്നുതന്നെ. അതിനു വിപരീതമായിട്ടുള്ളതു ഒക്കെയും അസത്യവും അധർമ്മവുമാണ്. ഇതിനെ ഗ്രഹിക്കുന്നതിനു അസാമാന്യ ബുദ്ധിശക്തിവേണമെന്ന ആവശ്യമില്ല. സുബുദ്ധിയുടെ പ്രയോഗം നഷ്ടപ്പെടാത്ത ഏവനും മനസ്സിലാകുന്നതാണ്. ഇതിനാൽ പരസ്പരവിരുദ്ധങ്ങളായ വേദങ്ങളെല്ലാം ശരിയാകുവാൻ തരമില്ല. അവയിൽ ഒന്നു മാത്രം ശരിയായിട്ടുള്ളതും മറേതെല്ലാം അസത്യത്തിന്റേയും അധർമ്മത്തിന്റേയുമത്രെ വഭേദങ്ങൾ മാത്രവും ആയിരിപ്പാൻ തത്വശാസ്ത്രസിദ്ധാന്തങ്ങൾ ഖണ്ഡിതമായി ആവശ്യപ്പെടുന്നു. ഉദാഹരിക്കണമെങ്കിൽ അജ്ഞാനവേദങ്ങൾ ഒന്നിലധികം ദേവന്മാരെ സ്ഥാപിക്കുന്നു. ക്രിസ്ത്യാനിവേദം ഏക ദൈവത്തെ മാത്രം ആരാധിക്കുന്നു. ക്രിസ്ത്യാനികളിൽ കത്തോലിക്കർ മ്ശിഹാ ദൈവമാണെന്നു തെളിയിക്കുന്നു. പ്രൊട്ടസ്റ്റാന്റുകാർ ഇപ്പോൾ അതിനെ നിഷേധിക്കുന്നതിലുദ്യോഗപ്പെട്ടിരിക്കുന്നു. യാക്കോബായക്കാർ മ്ശിഹായുടെ സ്വഭാവദ്വയത്തെ നിഷേധിക്കയാൽ കത്തോലിക്കസഭയിൽ നിന്നും ഭിന്നിച്ചുപോയി. ഇതിനനുസരിച്ചു ഓരോരുത്തക്കു വ്യത്യസ്ത നടപടികളുമുണ്ട്. കായ്വിവരമുള്ള ഒരു മനുഷ്യൻക്രടി ഇതെല്ലാം ശരിയാണെന്നു പറകയില്ല. അപ്പോൾ സത്യസ്വരൂപിയും അഖിലപരിശുദ്ധനുമായ ദൈവത്തിനു സത്യവും അസത്യവും ധർമ്മവും അധർമ്മവും ഒരുപോലെ അംഗീകാര്യമെന്നു പറയുന്നവർ കാണിക്കുന്ന അജ്ഞതയുടെ അഗാധം കണ്ടുപിടിപ്പാൻ കേവലം പ്രയാസംതന്നെയാണ്. എല്ലാവേദങ്ങൾക്കും നിർഭേദത്വം നൽകുന്നവർ ആ പ്രവൃത്തിയാലെതന്നെ തങ്ങളുടെ സ്ഥാനം സുരക്ഷിതമല്ലെന്നു കാണിക്കുന്നു. അവർക്കു തങ്ങളുടെ മനോരാജ്യം കൂടി സ്വീകരിക്കപ്പെട്ടാൽമതിയെന്നേമോഹമുള്ള. പ്രത്യുത, രണ്ടും രണ്ടും നാലാണെന്നു ഗ്രഹിക്കുന്ന ഏവരും അതുകൂടി ശേഷം പേർ സമ്മതിച്ചാൽ മതിയെന്നല്ല അഗ്രഹിക്കുന്നത് അതുമാത്രമെ സ്വീകരിക്കപ്പെട്ടുവാൻ പാടുള്ളു എന്നു തെളിയിക്കയും അതിനു വിപരീതമായ എല്ലാ അഭിപ്രായങ്ങളും സധൈര്യം ഖണ്ഡിച്ചുകളകയും ചെയ്യുന്നു. ഇത്രയും വിസ്തരിച്ചതിൽനിന്നു എല്ലാ വേദങ്ങളും ഒരുപ്പോലെ ശരിയാണെന്നും ദൈവത്തിൻപക്കൽ സ്വീകാര്യങ്ങളാണെന്നും പറയുന്നവരുടെ മൌഢ്യബോധം സത്യസന്ധന്മാക്കു എത്ര അസഹനീയമാണെന്നു പ്രസ്പഷ്ടമാകുമെന്നു വിശ്വസിക്കുന്നു. ഇനി ഏതുവേദമുറയിലാണു ദൈവത്തിനു യോഗ്യമായ ആരാധന നടത്തപ്പെടുന്നതെന്നും തന്നിമിത്തം നാം സ്വീകരിക്കേണ്ടതേതെന്നും പ്രത്യേകിച്ചു മറെറാരവസരത്തിൽ പറഞ്ഞുകൊള്ളാം.

Y. ചെറിയാൻ. J. പി.

കൊച്ചുത്രേസ്യാ മൂലം ഫ്രൻസ്-ൽ സംഭവിച്ച ഒരത്ഭുത രോഗശാന്തി.

ഫ്രാൻസ് രാജ്യത്തിൽ അന്തോനിയെത്ത് ഹെർബെർട്ട (Antoniette Herbert) എന്ന പേരുള്ള ഒരുയുവതി ഗ്രാണ്ട വില്ലിയേർസ് എന്ന അസ്സ്ത്രിയിൽ ഫെബ്രുവരി ജൂലായ് മാസത്തിൽ രോഗിണി

യായി സ്വീകരിക്കപ്പെട്ടു. അവളുടെ വലതു കാലിൽ പിടിപെട്ട ഒരു കഠിന ദീനം നിമിത്തം തുട മുതൽ പാദംവരെ അവൾ വലുതായ വേദന അനുഭവിച്ചുവന്നിരുന്നു. ഫെർമെയ് മാസം മുതൽ അവൾക്കു ശുശ്രൂഷചെയ്തിരുന്ന സിസ്റ്റർ കൊടുത്തിട്ടുള്ള സാക്ഷ്യപ്രകാരം അന്യസഹായം കൂടാതെ കിടക്കുന്നതിനോ എഴുന്നേല്ക്കുന്നതിനോ അവൾക്കു സാദ്ധ്യമായിരുന്നില്ല. രണ്ടാളുടെ സഹായംകൂടാതെ നടക്കുന്നതിനും അവൾക്കു സാധിച്ചിരുന്നില്ല. ഒരു ശസ്ത്രപ്രയോഗം നടത്താമോ എന്നു പരിശോധന ചെയ്വാൻവേണ്ടി ബുവെ പട്ടണത്തിലെ പൊതു ആസ്പത്രിയിലെ ഡോക്ടറിന്റെ അഭിപ്രായം അറിഞ്ഞു പ്രവർത്തിക്കുന്നായി അവൾ കിടന്നിരുന്ന ആസ്പത്രിയിലെ ഡോക്ടർ അവളെ അവിടേക്കു അയച്ചു. അദ്ദേഹം അവിടത്തെ ഒമ്പതു സഹായികളോടുകൂടെ കാൽ ശരിപ്പെടുത്താനായി നോക്കിയാറെ സാധിക്കാതെ പോകയാൽ ദീനം സുഖമാകാത്തതെന്നു പ്രസ്താവിക്കയും തൽമൂലം അന്തോനിയെത്താ വീട്ടിലേക്കു മടങ്ങിപോകയും ചെയ്തു. സ്ഥലത്തെ രണ്ടു ഡോക്ടർമാരും വേണ്ട പരീക്ഷകൾ ചെയ്തുനോക്കിയിട്ട് ഫലമൊന്നും കാണാഞ്ഞതിനാൽ അവരുടെ അഭിപ്രായം ഈ പ്രസ്താവനയെ കുറെക്കൂടി ബലപ്പെടുത്തുകയുംചെയ്തു. മനുഷ്യസാമർത്ഥ്യത്താൽ അന്തോനിയെത്തായിക്കു ലഭിപ്പാൻ പാടുണ്ടായ ഏക സഹായം അവളുടെ കഠിന വേദനയെ ശമിപ്പിക്കുന്നതിനു ഒരു വിധ ഔഷധത്തെല്ലാം അവളുടെ ശരീരത്തിൽ ചാമ്പികയറുകമാത്രമായിരുന്നു. കാൽ വാടി വരളുകയും കാഴ്ചയ്ക്കു വളരെ ചുരുങ്ങിപ്പോകയും അസ്ഥികൾ വക്രഗതിയെ പ്രാപിക്കയും പാദം ചുളുങ്ങി അകത്തോട്ടതിരിഞ്ഞുപോകയും കാൽ മുഴുവനും അനക്കാൻ പാടില്ലാത്ത സ്ഥിതിയിൽ അതിന്റെ ശക്തി ക്ഷയിച്ചുപോകയും ചെയ്തിരുന്നതായി അന്തോനിയെത്തായെ പരിപാലിച്ച സിസ്റ്റർ സാക്ഷിയ്ക്കുന്നു.

തന്നെ തൊടുന്നതുകൂടിയും പാവപ്പെട്ട ദീനക്കാരത്തിയ്ക്കു സഹിക്കാൻ പാടില്ലാതെ ആയി തീരുകയും തന്റെ കയ്യും അസാദ്ധ്യമെന്നു കണ്ടു അവൾ വലിയ ശുശ്രൂഷകേടിൽ ആയി തീരുകയും ചെയ്തു. അപ്പോൾ അവളെ പരിപാലിച്ച സിസ്റ്റർ സ്വർഗ്ഗീയസഹായം തേടണമെന്നും അതിനായി കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥം അപേക്ഷിക്കണമെന്നും അവളോടു ഉപദേശിക്കയും അതിനു അവൾ സന്തോഷപൂർവ്വം സമ്മതിക്കയും ചെയ്തു. കൊച്ചുത്രേസ്യായുടെ ഒരു പടവും വിശുദ്ധാവശിഷ്ടവും ശേഖരിച്ചതിനുശേഷം നമ്മുടെ ദീനക്കാരി ഒരു നവനാൾ ജപം കഴിക്കാൻ ആരംഭിക്കയും ദീനം ഭേദപ്പെടുന്ന പക്ഷം ഒരു കുമ്പാനചൊല്ലിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. ആറുദിവസംവരെ വിശേഷം ഒന്നും ഉണ്ടായില്ല. എന്നാൽ ഏഴാം ദിവസം അതായതു ഫെർമെയ് മാസം- രാത്രി 12 മണിക്ക് "ഉണരുക, ഉണരുക" എന്ന അന്തോനിയെത്തായോടു പറയുന്ന മാധുര്യമുള്ളതും താണതുമായ ഒരു സ്വരം കേട്ടു അവൾ ഉണർന്നു. അവൾ അതു ഒരു സ്വപ്നമാണെന്നു വിചാരിച്ചു വീണ്ടും ഉറങ്ങാൻ ശ്രമിച്ചു. അപ്പോൾ "ഉണരുക, ഉണരുക,, എന്ന ആ വണ്ണം പറയുന്ന മധുരസ്വരം പിന്നെയും ഉണ്ടായി. ആ സമയത്തു അവൾ കണ്ണു തുറന്നു നോക്കിയാറെ യാതൊന്നും കണ്ടില്ലെങ്കിലും മുമ്പിലത്തെ മധുരസ്വരം മൂന്നാംപ്രാവശ്യവും അവൾകേട്ടു. ഉടനെ അവളുടെ കാലിൽ അപൂർവ്വമായ ചില ചലനങ്ങൾ അനുഭവിക്കാൻ തുടങ്ങുകയും അസാധാരണമായ ചിലതു സംഭവിക്കുന്നെന്നു അവൾ അറികയും ചെയ്തു. എന്തെന്നാൽ ഇതുവരെ ഉപയോഗമില്ലാതിരുന്ന കാൽ തന്നെത്താൻ ഇളകി തുടങ്ങി. അതിരാവിലെ അന്യസഹായമൊന്നും കൂടാതെ കിടക്കയിൽനിന്നു എഴുന്നീല്ക്കുന്നതിനു അവൾക്കു ശക്തിയുണ്ടായി. അവളെ പരിപാലിച്ചിരുന്ന സിസ്റ്ററിനു ആശ്ചര്യംതോന്നത്തക്കവിധം അവൾ പല അടികൾ നടക്കുകയും സന്തോഷാധിക്യത്താൽ ചാടിത്തുടങ്ങുകയും ചെയ്തു. ഉടനെ ഈ വർത്തമാനം ആഭവനമെങ്ങും വ്യാപിച്ചു. അവിടെ കിടന്നിരുന്ന മറ്റു രോഗികൾ ആശ്ചര്യപ്പെട്ടു

പരവശരായിത്തീർന്നു. പലരും അവളോടു ചെയ്യ ചോദ്യങ്ങൾ എല്ലാത്തിനും അവൾ പറഞ്ഞ ഒരുമറുപടി കൊച്ചുത്രേസ്യാ എന്നെ സുഖപ്പെടുത്തി എന്നുമാത്രമായിരുന്നു. അതു യഥാർത്ഥവുമായിരുന്നു. അന്തോനിയേത്തായുടെമേൽ ഒരു രോഗപുഷ്ടം വന്നിച്ചു. അവളുടെകാൽ ശരിയായ സ്ഥിതിയിൽ ആയതുകൂടാതെ അവളുടെ അസ്ഥികൾ യഥാസ്ഥാനത്തുവന്നുചേരുകയും ചെയ്തു. അത്ഭുതം നടന്നതെയ് വഴനു- മുതൽ ദിനം പൂർണ്ണമായി സുഖപ്പെട്ടു. അന്തോനിയേത്താ ശരീരത്തിനുള്ളിൽനിന്നു സുഖം പ്രാപിച്ചതിനെക്കുറിച്ചുമാത്രമല്ല, അവളുടെ ആത്മാവിലുണ്ടായ അത്ഭുതകരമായ പകർച്ചയെക്കുറിച്ചും സ്വന്തനന്ദിയെ തന്റെ സ്വാർത്ഥീയ ഉപകാരിണിക്കു അവൾ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു.

?ാ .2 .ട

വി. അത്തനാസീസ് മല്പാന്റെ വിശ്വാസപ്രമാണം.

കത്തോലിക്കാ തിരുസഭയിൽ മുഖ്യമായി സ്വീകരിക്കപ്പെട്ടുന്ന വിശ്വാസപ്രമാണങ്ങൾ ശ്ലീഹന്മാരുടെയും നിഖ്യാസുനഹദോസിന്റെയും വിശുദ്ധ അത്തനാസീസ് മല്പാന്റെയുമാണ്. ഒന്നാമത്തേത്, പന്ത്രണ്ടു ശ്ലീഹന്മാർക്കുടി ഉണ്ടാക്കി. രണ്ടാമത്തേത്, അറിയൂസിന്റെ എടത്തുടിനു വിരോധമായി നിഖ്യാപട്ടണത്തിൽ സ.വ൪൰-ൽ കൂടിയ ആകമാനസുനഹദോസിൽ സന്നിഹിതരായിരുന്ന സ്വഭാവിതാക്കന്മാരാൽ രചിക്കപ്പെട്ടു. മൂന്നാമത്തേത്, അലക്സാന്ത്രിയക്കീസായിരുന്ന മഹാപരിശുദ്ധനും കീർത്തിപ്പെട്ട മല്പാനുമായ വിശുദ്ധ അത്തനാസീസ് ൪-ാം ശതാബ്ദത്തിൽ താൻ അനുസരിച്ചിരുന്ന കത്തോലിക്കാ സത്യവിശ്വാസത്തെ സകലർക്കും അറിയിക്കുന്നതിനായി എഴുതിയുണ്ടാക്കി. ഈ വിശ്വാസപ്രമാണം ശ്ലീഹന്മാരുടെ എടത്തുടിനെ മാത്രമല്ല, പിന്നീടുണ്ടായ മറ്റുരണ്ടു നിയൂസിന്റെയും നെസ്തോറിയൂസിന്റെയും എവുത്തീക്കോസിന്റെയും എടത്തുടുകളേയും എവുത്തീക്കോസിന്റെ എടത്തുടിൻ ശാഖയായ യാക്കോബായക്കാരുടെ പാഠത്തേയും ഖണ്ഡിക്കുന്നുണ്ട്. ആകയാൽ സകലരുടെയും ഉപയോഗത്തിന്നായി വിശുദ്ധ അത്തനാസിസിന്റെ വിശ്വാസപ്രമാണം പദംപ്രതി തർജ്ജമചെയ്തു താഴെ ചേർക്കുന്നു:-

രക്ഷപെടുവാൻ മനസ്സാകുന്നവനാരെങ്കിലും, എല്ലാറ്റിനും മുമ്പിൽ കത്തോലിക്കാവിശ്വാസം കൈക്കൊണ്ടുസരിപ്പാൻ ആവശ്യമായിരിക്കുന്നു.

ആയതിനെ യാതൊരുത്തൻ മുഴുവനായിട്ടും ലംഘനംകൂടാതെയും കാക്കയില്ലായെങ്കിൽ സംശയമെന്നേ നിത്യമായി നശിക്കയും ചെയ്യും.

എന്നാൽ ത്രിത്വത്തിൽ ഒരുവൻ തമ്പുരാനേയും ഏകത്വത്തിൽ മൂന്നാളുകളേയും നാം ആരാധിക്കുന്നതു കത്തോലിക്കാവിശ്വാസമാകുന്നു.

ആളുകളെ മാറിമറിക്കാതെയും, ദൈവത്വത്തെ വേർതിരിക്കാതെയും (മേൽ ചൊല്ലിയവണ്ണം ആരാധിക്കണം.)

എന്തുകൊണ്ടെന്നാൽ ബാവായുടെ ആൾ, പുത്രന്റെ ആൾ, റൂഹാദക്കുദശായുടെ ആൾ വെവ്വേറെയുള്ളതായിരിക്കുന്നു.

എന്നാൽ ബാവായുടെയും, പുത്രന്റെയും റൂഹാദക്കുദശായുടെയും ദൈവത്വം ഒന്നാകുന്നു; മഹത്വം ശരി, പ്രഭയും അനാദിയുള്ളതുമാകുന്നു.

ബാവാ എങ്ങനെയൊ, പുത്രനും, റൂഹാദക്കുദശായും അങ്ങനെതന്നെ.

ബാവാ സൃഷ്ടിക്കപ്പെടാത്തവൻ പുത്രൻ സൃഷ്ടിക്കപ്പെടാത്തവൻ റൂഹാദക്കുദശാ സൃഷ്ടിക്കപ്പെടാത്തവൻ.

ബാവാ അളവില്ലാത്തവൻ, പുത്രൻ അളവില്ലാത്തവൻ റൂഹാദക്കുദശാ അളവില്ലാത്തവൻ.

ബാവാ ആദിയുമറുതിയുമില്ലാത്തവൻ, പുത്രൻ ആദിയുമറുതിയുമില്ലാത്തവൻ, റൂഹാദക്കുദശാ ആദിയുമറുതിയുമില്ലാത്തവൻ.

എങ്കിലും മൂന്നു ആദിയുമറുതിയുമില്ലാത്തവരല്ല പിന്നെയൊ ഒരു ആദിയുമറുതിയുമില്ലാത്തവൻ.

എന്നതിൻവണ്ണം മൂന്നു സൃഷ്ടിക്കപ്പെ

ടാത്തവരും മൂന്നു അളവില്ലാത്തവരും അല്ല പിന്നെയൊ ഒരു സൃഷ്ടിക്കപ്പെടാത്തവനും ഒരു അളവില്ലാത്തവനുമാകുന്നു.

എന്നതുപോലെ ബാവാ സർവ്വതും വശമാകുന്നവൻ, പുത്രൻ സർവ്വതും വശമാകുന്നവൻ, റൂഹാദക്കുദശാ സർവ്വതും വശമാകുന്നവനുമാകുന്നു.

എങ്കിലും മൂന്നു സർവ്വതും വശമാകുന്നവരല്ല പിന്നെയൊ ഒരു സർവ്വതും വശമാകുന്നവൻ.

അതിൻവണ്ണംതന്നെ ബാവാ തമ്പുരാൻ, പുത്രൻ തമ്പുരാൻ, റൂഹാദക്കുദശാ തമ്പുരാൻ.

എങ്കിലും മൂന്നു തമ്പുരാനല്ല പിന്നെയൊ ഒരു തമ്പുരാൻ.

എന്നതിൻവണ്ണം ബാവാ കർത്താവു്, പുത്രൻ കർത്താവു്, റൂഹാദക്കുദശാ കർത്താവായിരിക്കുന്നു.

എങ്കിലും മൂന്നു കർത്താക്കന്മാരല്ല പിന്നെയൊ ഒരു കർത്താവു് തന്നെയാകുന്നു.

അതെന്തെ ഓരോ ആൾ തമ്പുരാനും, കർത്താവുമാകുന്നവെന്നു അനുസരിച്ചുപറവാൻ ക്രിസ്ത്യീയസത്യത്താൽ നാം നിബ്ബന്ധിതരാകുന്നതുപോലെ, മൂന്നു തമ്പുരാനും, മൂന്നു കർത്താവും എന്നു പറവാൻ കർത്തോലിക്കാവേദത്താൽ നാം വിലക്കപ്പെട്ടുന്നു.

ബാവാ യാതൊരുത്തനാൽ ഉണ്ടാക്കപ്പെട്ടവനും, സൃഷ്ടിക്കപ്പെട്ടവനും, ജനിപ്പിക്കപ്പെട്ടവനുമല്ല.

പുത്രൻ ബാവായിൽനിന്നു മാത്രമുള്ളവനാകുന്നു, ഉണ്ടാക്കപ്പെട്ടവനും സൃഷ്ടിക്കപ്പെട്ടവനുമല്ല പിന്നെയൊ ജനിപ്പവനാകുന്നു.

റൂഹാദക്കുദശാ ബാവായിൽനിന്നും പുത്രനിൽനിന്നും, ഉണ്ടാക്കപ്പെട്ടവനും, സൃഷ്ടിക്കപ്പെട്ടവനും, ജനിക്കപ്പെട്ടവനുമല്ല പിന്നെയൊ പുറപ്പെടുന്നവൻ.

അപ്പഴൊ, ബാവാ ഒരുവൻ, മൂന്നു ബാവായല്ല; പുത്രൻ ഒരുവൻ, മൂന്നു പുത്രൻ അല്ല— റൂഹാദക്കുദക്കുദശാ ഒരുവൻ, മൂന്നു റൂഹാദക്കുദശായല്ല.

ഒരു ത്രിത്വത്തിൽ മുമ്പും, പിമ്പുമുള്ളതായിട്ടു ഏതുമില്ല, അധികം വലിയതും അധികം ചെറിയതും ഏതുമില്ല— പിന്നെയൊ മൂന്നാളുകൾ ശരിയായിട്ടു ആ ഒരിയുമതിയുമില്ലാത്തവരും, ശരിസമാനമുള്ളവരുമാകുന്നു.

ഇതിനുമുമ്പിൽ മേൽചൊല്ലിയിരിക്കുന്നതുപോലെ— എല്ലാംകൊണ്ടും ഏകത്വം ത്രിത്വത്തിലും ത്രിത്വം ഏകത്വത്തിലും ആരാധിക്കപ്പെടേണ്ടതാകുന്നു.

അപ്പഴൊ രക്ഷപ്പെടുവാൻ മനസ്സാകുന്നവൻ ത്രിത്വത്തെക്കുറിച്ചു ഒരു വണ്ണം വിശ്വസിക്കട്ടെ.

എന്നാൽ നിത്യരക്ഷയ്ക്കു നമ്മുടെ കർത്താവിശോമ്ശിഹായുടെ മനുഷ്യാവതാരത്തെക്കുടെയും കുറവുകൂടാതെ വിശ്വസിപ്പാൻ ആവശ്യമായിരിക്കുന്നു.

അപ്പഴൊ ദൈവകുമാരനാകുന്ന നമ്മുടെ കർത്താവീശോമിശിഹാ ദൈവവും മനുഷ്യനുമാകുന്നുവെന്നു നാം വിശ്വസിക്കുന്നതും അനുസരിച്ചുപറയുന്നതും ചൊവ്വുള്ള വിശ്വാസമാകുന്നു.

താൻ ബാവായുടെ കാതലിൽനിന്നു അനാദിതൊട്ടുജനിക്കപ്പെട്ടതമ്പുരാനാകുന്നു, മാതാവിന്റെ കാതലിൽനിന്നു കാലത്തിൽ പിറക്കപ്പെട്ട മനുഷ്യനുമാകുന്നു.

ദ്വിത്വമുള്ള ആത്മാവും മനുഷ്യമാംസവുമുള്ള മുഴുവനാക്കപ്പെട്ട മനുഷ്യനും കുറവില്ലാത്ത ദൈവവും താനാകുന്നു.

ദൈവത്വത്താൽ ബാവായോടു ശരിസമാനമുള്ളവൻ, മനുഷ്യികത്വത്താൽ ബാവായേക്കാൾ കുറഞ്ഞവൻ.

താൻ തമ്പുരാനും മനുഷ്യനുമാകുന്നുവെങ്കിലും രണ്ടു മിശിഹായല്ല, പിന്നെയൊ ഒരു മിശിഹാ താനാകുന്നു.

എന്നാൽ ദൈവത്വം മാംസമായി വികരപ്പെട്ടതുകൊണ്ടല്ല താൻ ഒന്നായിരിക്കുന്നതു, പിന്നെയൊ മനുഷ്യികത്വം എടുത്ത ദൈവാളിനോടു ചേർത്തുകൊണ്ടത്രെ.

എല്ലാംകൊണ്ടും ഒരുവൻ തന്നെ, സഭാരാജ്ഞിയുടെ കലപ്പാൽ അല്ല പിന്നെയൊ അവളുടെ ഏകത്വത്താൽ.

എന്തുകൊണ്ടെന്നാൽ ദ്വിത്വമുള്ള ആത്മാവും മാംസവും ഒരു മനുഷ്യനാകുന്നതുപോലെ തമ്പുരാനും, മനുഷ്യനും ഒരു മിശിഹാനുകുന്നു.

താൻ നമ്മുടെ രക്ഷയെപ്രതി പാടുപെട്ടു, പാതാളങ്ങളിൽ ഇറങ്ങി. മൂന്നാന്നാൾ മരിച്ചവരിൽനിന്നു ഉയിർത്തു.

ആകാശങ്ങളിൽ കരയേറി, സർവ്വ ത്തും വശമാകുന്ന ബാവാതമ്പുരാന്റെ വ ലത്തു ഭാഗത്തെഴുന്നെള്ളിയിരിക്കുന്നു. അ വിടെനിന്നു ഉയിർവരേയും മരിച്ചവരേ യും വിധിപ്പാൻ വരുവാനിരിക്കുന്നു.

തന്റെ വരവിന്നു മാനുഷരെല്ലാവരും അവരുടെ ശരീരങ്ങളോടുകൂടെ ഉയിർക്കയും, തങ്ങളുടെ സ്വന്ത പ്രവൃത്തിക ളുടെ ന്യായം ബോധിപ്പിക്കയും ചെയ്യാ നിരിക്കുന്നു.

എന്നാൽ നന്മകളെചെയ്തവർ നി ത്യായുസ്സിലേയ്ക്കു പോകും, തിന്മകളെ ചെ യ്തവരോ എന്നാൽ നിത്യാഗ്നിയിൽ പോ കും.

ഇതു കത്തോലിക്കാവിശ്വാസമാകു ന്നു. ഇതിനെ യാതൊരുത്തൻ വിശ്വാസ മായിട്ടും ഉറപ്പായിട്ടും വിശ്വസിക്കയില്ലാ യെങ്കിൽരക്ഷപെടുവാൻവശമാകയില്ലാ.

ഒരു സന്ന്യാസവൈദികന്റെ മരണം.

ക. നി. മ. സഭയിലെ വൈദികവി ദ്യാർത്ഥികളിൽ ഒരാളായ ബ. ഈശോയു ടെ അന്തൊൽമൂസ് എന്ന ശെമ്മാശൻ അന്ത്യക്രമാശകളെല്ലാം സുബോധത്തോ ടും ഭക്തിപൂർവവും കൈക്കൊണ്ടു കഴി ഞ്ഞ നവമ്പർ മാസം മുത്തോലി ആശ്ര മത്തിൽവച്ചു കർത്താവിൽ നിദ്ര പ്രാപി ച്ചു. അന്നേദിനംതന്നെ വൈകുന്നേരം മുപ്പതോളം വൈദികരുടെയും ഇരുപ തിൽപരം കന്യാസ്ത്രീകളുടെയും ഒട്ടുവള രെ ജനങ്ങളുടേയും സാന്നിദ്ധ്യത്തോടെ പ്രസ്തുത ആശ്രമദേവാലയത്തിൽ സംസ്ക രിക്കപ്പെട്ടുവെന്ന വിവരം വ്യസനസമേ തം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇ ദ്ദേഹം കുറവിലങ്ങാട് [illegible]ള്ളിയിടവക ആ ലപ്പാട്ടു എന്ന കുടുംബത്തിൽ 4വുവർ മി ഥുനം 4നു- ജനിച്ചു. തന്റെ മാതാ പിതാക്കന്മാർക്കു താൻ ഏകപുത്രനായിരു ന്നെങ്കിലും, ദൈവം തന്നെ സന്ന്യാസജീ വിതാവസ്ഥയിലേക്കു വിളിച്ചിരിക്കുന്നു എ ന്നു ഗ്രഹിച്ചതിനാൽ, തൽക്കായ്സാദ്ധ്യ ത്തിന്നായി വാത്സല്യ മാതാപിതാക്കളേ യും പ്രിയ സഹോദരികളേയും മറ്റെല്ലാ വരേയും ഉപേക്ഷിച്ചുകൊണ്ടു 4വുൻ നാ മാണ്ട മാന്നാനത്തു കർമ്മലീത്താ യോഗാ ർത്ഥികളുടെ ഗണത്തിൽ ചേർന്നു. ലൗ കികപഠനങ്ങൾ മാന്നാനത്തും ചങ്ങനാ ശേരിയിലുമായി ഒരുവിധം പൂർത്തിയാക്കി യശേഷം 4ർനാ- മൂലാമാസത്തിൽ അ ന്വഴക്കാട്ട് ആശ്രമത്തിൽ നവസന്ന്യാസം ആരംഭിച്ചു. ആയതിന്റെ കാലാവധി ഏറ്റവും സൂക്ഷ്മമായവണ്ണം അവസാ നിപ്പിച്ചതോടെ, 4ർനാ മകരത്തിൽ സ ഭയുടെ നിയമാനുസരണമുള്ള നിത്യവ്ര തങ്ങളേയും ദൈവത്തിന്നു സമർപ്പിച്ചു. അനന്തരം പല കൊല്ലങ്ങളായി മംഗ ലപുരത്തു ജസ്വിറ്റു സെമിനാരിയിൽ വൈദികപഠനങ്ങൾ നടത്തി വരികയാ യിരുന്നു. എന്നാൽ ചില സാഹചര്യങ്ങ ൾനിമിത്തം ഈ കഴിഞ്ഞ മേടമാസത്തി ൽ അവിടെനിന്നും മുത്തോലി ആശ്രമ ത്തിൽ വന്നുചേരുകയും പഠനങ്ങൾ തു ടർന്നുകൊണ്ടിരിക്കയും ചെയ്തു. ഇങ്ങനെ യിരിക്കയിലാണ് ചിങ്ങമാസാവസാന ത്തോടെ ഒരു പനി പിടിപെട്ടതു്. അ തു് ഇടക്കിടെ കൂടിയും കുറഞ്ഞുമായി മര ണംവരെ വിടാതെ നിന്നതിനാൽ ദീർഘ നാൾ വല്ലാതായ രോഗപീഡകളെ സ ഹിക്കേണ്ടിവന്നു. ഒന്നു തിരിഞ്ഞുകിടക്ക ന്നതിന്നുപോലുടെയും പരാശ്രയം ആവശ്യമാ യിരുന്നു. എന്നാൽ ഈ പീഡകളെയെ ല്ലാം ഇദ്ദേഹം എത്രയും ക്ഷമയോടെ സ ഹിക്കയും, അനുകരണീയമായ വിധത്തി ൽ മരണത്തിനു വേണ്ട ഒരുക്കങ്ങൾ ചെ യ്യുകയും ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ ഈ അകാലമരണം കർമ്മലീത്താസഭയ്ക്കും, ഈയാളിന്റെ വൃദ്ധയായ മാതാവിനും ബന്ധുമിത്രാദികൾക്കും എത്രമാത്രം ദുഃഖ ത്തിനു കാരണമായിരിക്കുന്നുവെന്നു് ഇ വിടെ പറയേണ്ട ആവശ്യമില്ലല്ലൊ.

R. I. P.

പുതിയ ദണ്ഡവിമോചനം

കഴിഞ്ഞ ഒക്ടോബർ ൧൦൦൯- പതിനഞ്ചാം ബനഡിക്ടോസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ട്, ൧൦൧ ദിവസത്തെ ദണ്ഡവിമോചനം, താഴെ കാണുന്ന സുകൃതജപം മനസ്സാപത്തോടും ഭക്തിയോടുംകൂടെ ചൊല്ലുന്ന എല്ലാ വിശ്വാസികൾക്കും കല്പിച്ചനുവദിച്ചിരിക്കുന്നു. ഈ സുകൃതജപം ചൊല്ലുമ്പോളെക്കെയും ലഭിക്കാവുന്ന പ്രസ്തുത ദണ്ഡവിമോചനം ബൈസ്സുക്കാനായിലെ ആത്മാവുകൾക്കുവേണ്ടി കാഴ്ച വെക്കാവുന്നതുമാണ്.

സുകൃതജപം.

പരിശുദ്ധ ജപമാലയുടെ രാജ്ഞിയേ! ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമെ.



തിരുഹൃദയ ഭക്തന്മാർ

൧൯൨൭ ധനുമാസത്തിൽ ചെയ്തിരുന്ന

പൊതുക്കുർബ്ബാന

അനുദിന ദിവ്യപൂജ.

സർവ്വശക്തനായ മ്ശിഹാ, സ്വന്ത സർവ്വശക്തി പ്രയോഗിച്ചുകൊണ്ട് നമ്മുടെ നേരെയുള്ള അവിടുത്തെ അമിതമായ സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തുന്നതിനുവേണ്ടി സ്ഥാപിച്ച ഒരു ക്രമാശയാകുന്ന വിശുദ്ധ കുർബ്ബാന. ഇതിനേക്കാൾ വലിയതായി ഒരു ദാനം നമുക്കു തരുവാൻ അവിടുത്തേക്കില്ല. സർവ്വനിക്ഷേപ സംപൂർണ്ണമായിരിക്കുന്ന ഈ ദിവ്യക്രമാശയിൽ നിന്ന് ഓരോരുത്തനും അവനവന്റെ ആത്മജീവസന്ധാരണത്തിന്നു ആവശ്യമുള്ളവ സംഭരിക്കുന്നതിനും വേണ്ടിയാണ് ഈ ദിവ്യബലി ദിനംപ്രതി അർപ്പിക്കപ്പെടുന്നതു്. ഭൂമുഖത്തിൽ ഒന്നോ രണ്ടോ സ്ഥലത്തുമാത്രം ഈ ദിവ്യപൂജ അർപ്പിക്കുന്നതിനു അനുവാദമുണ്ടായിരുന്നുള്ളു എന്നു വരുകിൽ, എത്രയോ ലക്ഷം വിശ്വാസികൾ ദീർഘപ്രയാണംകൊണ്ടുള്ള ശരീരക്ലേശവും ദ്രവ്യച്ചെലവും ഗണ്യമാക്കാതെ അവിടേക്കു ഗമിക്കുമായിരുന്നു. 'അതിപരിചയം അലക്ഷ്യകാരണം' എന്ന തത്വത്തെ അനുസരിച്ച്, വിശുദ്ധ കുർബ്ബാന സർവ്വത്ര, സർവ്വദാ അർപ്പിക്കപ്പെടുന്നതുകൊണ്ട് വിശ്വാസികൾക്ക് അതിന്റെനേരെ സ്നേഹവും വണക്കവും കുറയുന്നു. ഗാഗുൽത്താമലയിൽ കുരിശിൽ തൂങ്ങിമരിച്ചുകൊണ്ട്, മ്ശിഹാ തന്നെത്തന്നെ പിതാവായ സർവ്വേശ്വരനു സമർപ്പിച്ച ആ ബലിയും, നമ്മുടെ ദേവാലയപീഠങ്ങളിന്മേൽ അർപ്പിക്കപ്പെടുന്ന ബലിയും തമ്മിൽ സാരമായതൊരു വ്യത്യാസവുമില്ല. മ്ശിഹായുടെ വലത്തുഭാഗത്തു തൂങ്ങിയ പ്രസിദ്ധ കൊലപാതകനും അക്രമിയുമായ കള്ളൻ മ്ശിഹായോടുകൂടെ സ്വർഗ്ഗപ്രാപ്യനായതു്, അയാളും ഗാഗുൽത്താമലയിലെ ബലിയിൽ സന്നിഹിതനായതുകൊണ്ടല്ലേ? നാമും നമ്മുടെ സാന്നിധ്യം മൂലം ദിവ്യപൂജയിൽ പങ്കെടുക്കുന്നതായാൽ ഇപ്രകാരംതന്നെ നമുക്കും സംഭവിക്കുന്നതാണ്. ആകയാൽ ആത്മികവും ശാരീരികവുമായ സകലവിധ ദൈവദാനങ്ങളുടേയും ഉറവയായ ദിവ്യപൂജ ദിനംപ്രതി കാണണമെന്നുള്ളതു് നമ്മുടെ അനുദിനകൃത്യങ്ങളിൽ പ്രഥമകൃത്യമായിരിക്കട്ടെ. ഈ ഉദ്ദേശസാധ്യത്തിന്നായി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണം.

ലോകവർത്തമാനച്ചുരുക്കം.

ഒരു മാസം മുമ്പ് പ്രാപ്പ്രാ തിരുമനസ്സുകൊണ്ട് കൊൺസിസ്റ്റോറിയം വിളിച്ചുകൂട്ടി താഴെ കാണുന്ന മെത്രാപ്പോലീത്താമാരെ കർദ്ദിനാൾസ്ഥാനത്തിൽ ഉയർത്തിയിരിക്കുന്നു. ഫ്രാ. പോർട്ടുഗലിലെ അപ്പസ്തോലിക്ക നുൻസിയൊ ആയ മൊൺസിഞ്ഞോർ ഗ്രയിലൊരോൻസി: ഫ്രാ ഫ്ലോരൻസിലെ മെത്രാപ്പോലീത്താ ആയ മൊൺ: അല്ലോൻസൊ മരയമിസ്സാൻജെലൊ. ഈ തെക്കെ അമേരിക്കായിലെ ജനാധിപത്യ സംസ്ഥാനങ്ങളായ കൊസ്താറിക്കാ, നിക്കരാഗുവാ, ഹോൺഡുറാസ്, എന്നീ സ്ഥലങ്ങളിലെ ഡെലഗാട് അപ്പസ്തോലിക്കായായ മൊൺ: ജിയൊവാന്നി കലിയൊരൊ, ഈ ബ്വേറ്റായിലെ അപ്പസ്തോലിക്ക നുൻസിയൊ ആയ മൊൺ: അലസ്സന്ത്രൊ പ്യൂത്തിന്ത്, ഓ ആവുസ്ത്രിയാ ഹങ്കറിയിലെ അപ്പസ്തോലിക്ക നുൻസിയൊ ആയ മൊൺ: റഫ്പ്പേലെ സ്കപ്പിനേല്ലി, സാ ബൊലോഞ്ഞായിലെ മെത്രാപ്പോലീത്തായായ മൊൺ: ജോർജിയൊ ഗുസ്മിനി. ഇവർ ആറുപേരും ഇതാലിയൻകാർ ആണെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

ഇക്കഴിഞ്ഞ അഞ്ചു മാസങ്ങളിലായി ഇംഗ്ലണ്ടിൽ നിന്ന് പ്രസിദ്ധന്മാരായ ഫ്രൊട്ടസ്റ്റൻറ് വൈദികന്മാർ കത്തോലിക്കാസഭയിൽ ചേർന്നിട്ടുണ്ട്.

ഇക്കഴിഞ്ഞ മുഹറം ആഘോഷക്കാലത്തു ഷൈദാബാദിൽ എവിടെയും പത്തുദിവസം മദ്യം വിൽക്കാൻ പാടില്ലെന്നു നൈസ്സാം തിരുമനസ്സുകൊണ്ട് ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. ഇതുനിമിത്തം ഷൈദാബാദു ഗവർമ്മേൻറിനു മൂന്നുലക്ഷം രൂപാ നഷ്ടമുണ്ടായിട്ടുണ്ടെന്നും ജനങ്ങളുടെ ലാഭം പത്തുലക്ഷം രൂപായായിരിക്കുമെന്നും ഒരു പത്രം പ്രസ്താവിച്ചിരിക്കുന്നു. ബാക്രിഡ് പെരുന്നാൾ പത്തു ഷൈദാബാദിൽ ഒരിടത്തും വിധം നടത്തിക്കൂടാ എന്നും നൈസാം മഹാരാജാവു വിരോധിച്ചിട്ടുണ്ടായിരുന്നു.

സ്കൂൾക്കിലുള്ള ജനനക്കണക്കെടുത്തതിൽ കത്തോലിക്കരുടെ ഇടയിലാണ് ജനനം അധികമുണ്ടായിട്ടുള്ളതെന്നു കാണുന്നു. കത്തോലിക്കരുടെ ഇടയിലുള്ള ൫൦ ജനനത്തിനു അന്യമതസ്ഥന്മാരുടെയിടയിൽ ൪൫ മാത്രമേയുണ്ടായിട്ടുള്ളു. വിവാഹമോചനം മുതലായ ദുരാചാരങ്ങൾ കത്തോലിക്കരുടെയിടയിൽ ഇല്ലാത്തതുകൊണ്ടും, അവർ മതവിഷയങ്ങളിൽ കൃത്യനിഷ്ഠയുള്ളവർ ആയതുകൊണ്ടുമാണ് കത്തോലിക്കരുടെ ജനസംഖ്യ വേഗം വർദ്ധിച്ചുവരുന്നതു്.

റഷ്യയിലെ കിർഭാവകാശിയായ രാജകുമാരനു ഇപ്പോൾ ൧൧ വയസ്സുമാത്രമേ ആയിട്ടുള്ളു. ഒരു രാജകുമാരൻ യുദ്ധരംഗത്തിനു സമീപം മുറിപ്പെട്ടുകിടക്കുന്ന ഭടന്മാരെ ഇടയ്ക്കിടെ സന്ദർശിക്കയുണ്ടായി. കൊല്ലത്തിൽ ൧൫൦൦൦ പവനാണ് ഈ രാജകുമാരൻറെ സ്വന്തം ചെലവുകൾക്കു പ്രത്യേകമായി റഷ്യാഗവർമ്മേൻറ് അനുവദിച്ചിട്ടുള്ളതെന്നു കാണുന്നു.

സെൻറ് ബർണ്ണാർഡ് ഡോഗ് എന്ന പ്രസിദ്ധപ്പെട്ട ഒരു തരം പട്ടികളെപ്പറ്റി ഏറെക്കുറെ കേട്ടറിവില്ലാത്തവർ ചുരുങ്ങുമല്ലൊ. ഡാർഡനൽസിൽ മുറിവേറ്റു കിടക്കുന്ന ഭടന്മാരെ കണ്ടുപിടിക്കുന്നതിനായി പരിചാരികകന്യകൾ ഈ പട്ടികളെയാണ് ഉപയോഗിക്കുന്നതു്. മൃതന്മാരെ, ബോധംകെട്ടവരിൽ നിന്നു തിരിച്ചറിയുന്നതിനു ഈ പട്ടികൾക്കുള്ള വാസന ഒന്നുവേറെതന്നെയാണ്. മുറിവേറ്റു കിടക്കുന്നവരിൽ ജീവനുള്ളവരെ കാണുമ്പോൾ ഈ പട്ടി ഭയങ്കരമായ [illegible]രത്തിൽ അധികം ഒച്ച കൂടാതെ കുരച്ചുകൊണ്ടു പരിചാരികളുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ചിലപ്പോൾ മുറിപ്പെട്ടു കിടക്കുന്ന ഭടനെ തെരഞ്ഞു കണ്ടുമുട്ടുന്നതിനു അവർക്കു സാധിക്കാതെ വരുമ്പോൾ, പട്ടി [illegible]രുടെ തൊപ്പി കടിച്ചെടുത്തുകൊണ്ടു വരുന്നു. ഭടൻ തുർക്കിപ്പട്ടാളത്തിൽ ചേർന്നവനൊ ബ്രിട്ടീഷ് പട്ടാളത്തിൽ ചേർന്നവനൊ എന്നു തൊപ്പികണ്ടു അവർ നിശ്ചയിക്കുകയും ചെയ്യുന്നു.

മധുര ഹിന്തുകോളെജിനെ ഒരു ഒന്നാം ഗ്രേഡ് കോളെജാക്കുന്നതിനു നാട്ടുകോട്ടച്ചെട്ടിമാരിൽ ഒരു പ്രസിദ്ധനായ റാവുബഹദൂർ അണ്ണാമലച്ചെട്ടിയാർ ഒരു ലക്ഷം രൂപാ സംഭാവനചെയ്തിരിക്കുന്നു. ഒരു കോളെജിൻറെ പേർ "അണ്ണാമലച്ചെട്ടിയാർ കോളെജ്" എന്നാക്കേണമെന്നും മറ്റുമാണ് നിശ്ചയങ്ങൾ.

നമ്മുടെ ജോർജ്ജ് ചക്രവർത്തി തിരുമനസ്സിലെ ആസ്വാസ്ഥ്യം മാറിക്കൊണ്ടുതന്നെയിരിക്കുന്നു. തിരുമേനിക്ക് ഇപ്പോൾ നടക്കുന്നതിനു വലിയ വൈഷമ്യമൊന്നുമില്ല. തിരുമനസ്സിലെ ആസ്വാസ്ഥ്യം ഒന്നിനൊന്നു കുറഞ്ഞുകാണുന്നതിൽ സന്തോഷിക്കുന്നു.

വത്തിക്കാൻ അരമനയിൽ ഫോളണ്ട് ഗവർമ്മെണ്ടിന്റെ പ്രതിനിധിയായി താമസിച്ചിരുന്ന ലൂയിസ് ഹൂബർട്ട്, തന്റെ—൩൦മത്തെ വയസ്സിൽ കഴിഞ്ഞ തുലാം ൨൯-ാംനു- റോമായിൽവച്ചു കാലഗതിയെ പ്രാപിച്ചിരിക്കുന്നു. കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ പ്രസ്തുത ഗവർമ്മെണ്ട് ഇദംപ്രഥമമായി അയച്ച ഒരു പ്രതിനിധിയായിരുന്നു.

കഴിഞ്ഞ കുംഭമാസം തുടങ്ങി ഇന്നേവരെ ജർമ്മൻകാർക്കു തിന്നു കഴുനാക്കുപ്പൽ നഷ്ടപ്പെട്ടിട്ടുണ്ട്.

പടിഞ്ഞാറെ രംഗത്തിൽ യുദ്ധംചെയ്യുന്നാളുകളുടെ ഇൻഡ്യൻ ഭടന്മാരെയും അവിടെനിന്നും വേറെ രംഗത്തിലേക്കു അയക്കുന്നതിനു ചക്രവർത്തി തിരുമനസ്സുകൊണ്ടു ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഭാരതമഹാജനസഭയുടെ അടുത്ത യോഗം ബോംബെയിൽവച്ചു ൨൮ാം ഡിസംബർ ൨൯-ാം, ൩൧-ാം, ൧൯൧൫ തീയതികളിൽ കൂടുന്നതാണെന്നു നിശ്ചയിച്ചിരിക്കുന്നു.

പടിഞ്ഞാറെ രംഗത്തു ലൂസ് [illegible]ന സ്ഥലത്തും അതിനോടടുത്തും ബ്രിട്ടീഷ്കാർക്കു കഴിഞ്ഞ മൂന്നു മാസങ്ങളിലായി ഇൻഡ്യക്കാരും കനഡാക്കാരും ഉൾപ്പെടെ ൧൭൦൦൦ പടയാളികളും ഗാലിപ്പോലിയിൽ ൧൭൦൦൦ ഭടന്മാരും നഷ്ടപ്പെട്ടതായി മിസ്റ്റർ [illegible]റ നൽകിട്ട് പ്രസ്താവിച്ചിരിക്കുന്നു. ഈ സ്ഥിതിക്കു ശത്രുക്കളുടെ നഷ്ടം എത്ര വലുതായിരിക്കും.

യുദ്ധഗതി.

മെസൊപ്പൊത്താമിയാ യുദ്ധം. ബ്രിട്ടീഷ്കാർ തുർക്കിയോടു യുദ്ധം ചെയ്യുന്നതു ഡാർഡനൽസിലും മെസൊപ്പൊത്താമിയായിലുമാണല്ലൊ. ഡാർഡനൽസിൽ ഇപ്പോൾ പ്രസ്താവയോഗ്യമായ [illegible]ങ്ങൾ നടക്കുന്നില്ലെന്നതന്നെ പറയാം. എന്നാൽ മെസൊപ്പൊത്താമിയായിൽ നമുക്കു നല്ല ജയം കിട്ടുന്നുണ്ട്. ഈ പ്രദേശം, പേർഷ്യായിക്കു പടിഞ്ഞാറും കാസ്പ്യൻകടലിനും കരിങ്കടലിനും തെക്കും, മെഡിറ്ററേനിയൻ കടലിനു കിഴക്കുമായി കിടക്കുന്ന സ്ഥലങ്ങളിൽക്കൂടെ തെക്കുകിഴക്കോട്ടായി ഒഴുകുന്ന യൂഫ്രറീസ്, ടൈഗ്രീസ് എന്ന പുരാതന ചരിത്രപ്രസിദ്ധമായ രണ്ടു നദികളാൽ സമൃദ്ധമാക്കപ്പെട്ടിട്ടുള്ളതാകുന്നു. കടലിൽനിന്നു ൧൦൦ മയിൽസ് ഉള്ളിലായി നദീതീരത്താണു ബാശാഃ പട്ടണം സ്ഥിതിചെയ്യുന്നതു. ബ്രിട്ടീഷ്കാരുടെ ഉദ്ദേശം, ഈ പട്ടണം കരസ്ഥമാക്കേണമെന്നുള്ളതാണ്. ഇവിടെ യുദ്ധം നടത്തുന്നതിനുള്ളസൈന്യങ്ങൾ എല്ലാം ഇൻഡ്യയിൽനിന്നു പോയിട്ടുള്ളവരാണ്. കടലിൽനിന്നു ൩൦ നാഴിക ഉള്ളിലുള്ള ബസ്രാ പട്ടണം നമുക്കു ലഭിച്ചിട്ട് ഇപ്പോൾ ഒരു വർഷമായിരിക്കുന്നു. കഴിഞ്ഞ മാർച്ച് മാസത്തിൽ യൂഫ്രറീസ് നദീതീരത്തു ബസ്രായിൽനിന്നു ൨൭ നാഴിക മുകളിലായി സ്ഥിതിചെയ്യുന്ന നാസിരിയാ എന്ന സ്ഥലവും തുർക്കികൾക്കു നഷ്ടപ്പെട്ടു. ഏപ്രിൽമാസം തുടങ്ങിയപ്പോഴേക്കു ബ്രിട്ടീഷ് ഭടന്മാർ ബസ്രായിൽനിന്നു ടൈഗ്രീസ് നദിവഴിമേലോട്ടു കയറുവാൻതുടങ്ങി. ഇപ്പോൾ ബശാഃ പട്ടണത്തോടു നമ്മുടെ സൈന്യം അടുത്തുചെന്നിരിക്കുന്നതായിരുന്നിട്ടുകിട്ടിയ കമ്പിയിൽ കാണുന്നു. പിടിച്ചെടുത്ത സ്ഥലങ്ങളിലെല്ലാം ഇൻഡ്യാഗവർമ്മേന്റു, കച്ചേരികളും മറ്റെല്ലാ ഭരണക്രമങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു. കരപിരിക്കുന്ന കാര്യത്തിലും ബ്രിട്ടീഷ്കാർ ജർമ്മൻകാരെപ്പോലെ കടുംകൈകൾ പ്രയോഗിക്കാത്തതു കൊണ്ടു ആ നാട്ടുകാർക്കു വളരെ സന്തോഷമുണ്ട്.

സേർവ്യാ രാജ്യത്തിന്റെ ഒട്ടുമുക്കാൽ ഭാഗവും ശത്രുക്കൾ കരസ്ഥമാക്കിയിരിക്കുന്നു. മോണ്ടിനീഗ്രോയുടെ തലസ്ഥാനമായ സ്ക്യൂട്ടാരിലേക്കാണ് സേർവ്യാ തലസ്ഥാനം ഇപ്പോൾ [illegible]റിയിരിക്കുന്നതു. സേർവ്യായിൽനിന്നു അൽബാനിയായിലേക്കും മോണ്ടെനിഗ്രായിലേക്കും യുദ്ധം പടർന്നുപിടിച്ചിരിക്കുന്നു. കോൺസ്റ്റാന്റിനോപ്പോളിയിലുള്ള തുർക്കിപ്പട്ടാളത്തെ എല്ലാം [illegible]നെ അവിടെനിന്നും മാറ്റി ബൽഗറിയൻ പട്ടാളത്തെ കാവൽ ഇട്ടിരിക്കുന്നു.
